# GHSS POOKKOTTUMPADAM



# Looks

# സമർപ്പണം

പതിനായിരങ്ങളുടെ
കണ്ണീര് വീഴ്ത്തിമടങ്ങിയ
2018-ൽ,
പ്രളയം തകർത്തെറിഞ്ഞ
ജീവിതകിനാവുകൾക്ക്......

സ്വപ്നങ്ങളുടെ ചിറകൊടിഞ്ഞ-
പ്പോൾ കൈപിടിച്ചുയർത്തിയ
കടലിന്റെ മക്കൾക്ക്.......






**Little Kites**
**GHSS Pookkottumpadam**

E-mail: ghssp665@gmail.com

# സന്ദേശങ്ങൾ



"ജി എച്ച് എസ് എസ് പൂക്കോട്ടുംപാടം 'ലിറ്റിൽ കൈറ്റ്സ്", ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിലേക്കും കടക്കുന്നുവെന്നറിയുന്നത്, ആനന്ദദായകമാണ്; അഭിമാനാർഹമാണ്. ' LOOKS ' എന്ന ഈ സമ്പൂർണ്ണ മാഗസിൻ ഈ രംഗത്തെ മികച്ച ഉല്പന്നമാകും; ആകാതെ തരമില്ലല്ലോ!, മാഗസിൻ പൂർണ്ണമാകുന്നതിൽ പങ്കാളികളായ മുഴുവൻ പേർക്കും ആശംസകൾ ; ഒപ്പം വൈവിധ്യമുള്ള ഒരു മുന്നേറ്റത്തിൻെറ തുടക്കമാകട്ടെ ഇത് എന്ന പ്രാർത്ഥനയും."

**സാബു ജി**
ഹെഡ്മാസ്റ്റർ



ഈ മലയോര ഗ്രാമത്തിന്റെ അഭിമാനമായ പൂക്കോട്ടുംപാടം ജി.എച്ച്.എസ്.എസ് ലെ പ്രതിഭകൾ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിനിലൂടെ നവലോക സൃഷ്ടിക്കായുള്ള പ്രയത്നത്തിലാണ്. 'LOOKS' എന്ന ഈ മാഗസിൻ മാറിയ കാലഘട്ടത്തിനനുസൃതമായി മാറുന്ന ചിന്തകളും പ്രവർത്തനങ്ങളും പ്രതിഫലിക്കുന്നതാണ്.ഈ സൃഷ്ടി മികവുറ്റതാക്കുന്നതിന് പ്രയത്നിച്ചവരെ അഭിനന്ദിക്കുന്നു.ഒപ്പം ആധുനിക വിദ്യയിലൂടെ സരസവും ലളിതവുമായ കാമ്പുള്ള ചിന്തകൾ സമൂഹത്തിന് നൽകുന്നതിനുള്ള കുട്ടികളുടെ ശ്രമത്തിന് ആശംസകൾ.

**റഹിയ ബീഗം വട്ടോളി**
ഡെപ്യൂട്ടി എച്ച് എം

"സർഗശേഷിയുടെ അമൂല്യ സൃഷ്ടിയായി മാറാൻ കൈറ്റ്സ് മാഗസിന് സാധിക്കട്ടെ .
സ്നേഹപൂർവ്വം "

**കെ സുബൈർ**

*പി ടി എ പ്രസിഡന്റ്*

# എഡിറ്റോറിയൽ



പൂക്കോട്ടുംപാടം ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ "LOOKS" എന്ന മാഗസിൻ വളരെ അഭിമാനപൂർവ്വം നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. ഉത്തരവാദിത്വബോധമുള്ള ഒരു തലമുറയെ വാർത്തെടുത്ത ചരിത്രമുണ്ട് നമ്മുടെ സ്കൂളിന്. അറിവും സർഗാത്മകതയും കൈമുതലാക്കിക്കൊണ്ടാണ് ഓരോ തലമുറയും ഈ വിദ്യാലയത്തിന്റെ പടിയിറങ്ങുന്നത് . വെല്ലുവിളികൾ നിറഞ്ഞതാണ് നമ്മുടെ ലോകം. അതിനെ ചെറുത്തുനിൽക്കാൻ നാം ശക്തി നേടേണ്ടതുണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യയും വിവര സാങ്കേതിക വിദ്യയും വളർച്ചയുടെ ഉന്നതങ്ങളിൽ എത്തിയിരിക്കുന്നു . വിവര സാങ്കേതിക വിദ്യയിൽ കഴിവ്തെളിയിച്ച ധാരാളം കുട്ടികൾ നമുക്കുണ്ട്.അവർക്ക് അഭിനന്ദനങ്ങൾ. കുട്ടികളിലെ സർഗശേഷിയും സാങ്കേതിക വിദ്യാവബോധവും വളർത്തിയെടുക്കാൻ ഈ മാഗസിനു കഴിയട്ടെയെന്ന് പ്രത്യാശിക്കുന്നു.

ഈ ഉദ്യമത്തിന്റെ ഓരോ ഘട്ടത്തിലും

കൂടെ നിന്നവരോട്.....

നിർദേശങ്ങൾ നൽകി തുണയായി നിന്ന SITC യോട്......

അധ്യാപകരോട് ........

സൃഷ്ടികൾ നൽകി സഹായിച്ച എന്റെ പ്രിയ കൂട്ടുകാരോട് .......

എല്ലാവരോടും ........

നന്ദി...........



സ്നേഹാദരപൂർവ്വം

ബാസിം കടവത്ത്

മാഗസിൻ എഡിറ്റർ




1.ഒരു ഡയറിക്കുറിപ്പ്
2.അർഹിക്കുന്നത് മാത്രം (ചെറുകഥ )
3.മാതൃദുഃഖം ( കവിത )
4.Latest in Science
5.സന്തോഷസഹിതമായ ദിനം
6.സ്കൂളിന്റെ ചില നേട്ടങ്ങൾ
7.ഒരു വയനാടൻ യാത്ര – യാത്രാവിവരണം
8.പൂമ്പാറ്റ ( കവിത )
9. I am the Cell – Science Poem
10.വലയിലെ കുരുക്ക് ( തിരക്കഥ )
11.ഓണക്കവിതകൾ
12. Nobel Price for Peace
13 An Interview with SI
14.വൃദ്ധൻ പറഞ്ഞത്.....
15.മാഞ്ഞുപോകുന്ന അടയാളങ്ങൾ
16.മലയാള കഥയിലെ നിത്യയൗവ്വനം
17.മലയാളത്തിന്റെ കളഹംസം
18.ദേശീയ പതാക
19.ചൊല്ലുകൾ
20.മണ്ണും മലയാളിയും
21.നാടൻ കലകൾ
22.പഴഞ്ചൊല്ലുകൾ
23.രണ്ടു മത്സ്യങ്ങൾ
24.ശ്രേഷ്ഠം ഈ അക്കങ്ങൾ
25.സിൻഡ്രല്ല
26.അമ്മതൻ സ്നേഹം
27.ശൈലികൾ
28.പഴയകാല വാഹനങ്ങൾ
29.കടങ്കഥകൾ
30.ചോദ്യം (ചെറുകഥ )
31.നാട്ടിൻ ഭംഗി
32.മലയാള ഭാഷയിൽ ആദ്യം...
33.എന്റെ പ്രിയ സുഹൃത്തിന്
34.ഔഷധത്തോട്ടം
35.Editorial

## ഒരു ഡയറിക്കുറിപ്പ്

-ബാസിം കെ **IX A**

രാവിലെ ഉണർന്നു.നല്ല തണുപ്പുണ്ടായിരുന്നു.നേരത്തെ തന്നെ സ്കൂളിലേക്ക് പോകാൻ തയ്യാറായി.സ്കൂൾ ഗേറ്റ് എത്തിയപ്പോൾ തന്നെ ചുവരിൽ പതിച്ചിരിക്കുന്ന,സംസ്ഥാന തലത്തിൽ സമ്മാനങ്ങൾ നേടിയ കുട്ടികളുടെ ചിരിക്കുന്ന മുഖമാണ് എന്നെ സ്വീകരിച്ചത്. അസംബ്ലിയുള്ള ദിവസമായിരുന്നു.സബ് ജില്ലാ തലത്തിലും ജില്ലാ തലത്തിലും കലാകായികയിനങ്ങളിൽ മികച്ച പ്രകടനമാണ് സ്കൂൾ കാഴ്ച വച്ചത്.കുട്ടികൾക്ക് അസംബ്ലിയിൽ സമ്മാനം നല്കി. സ്കൂളിലെ ATL ലാബിനെപ്പറ്റി പത്രത്തിൽ വന്ന വാർത്തയെ കുറിച്ച് കൂട്ടുകാരോട് പറഞ്ഞു. അവരും വായിച്ചു. സ്കൗട്ട് & ഗൈഡ്സ്,JRC യൂണിറ്റുകൾ സംയുക്തമായി നടത്തിയ സ്കൂൾ ശുചിത്വ പരിപാടി വ്യത്യസ്തമായ അനുഭവമായിരുന്നു.വിക്ടേഴ്സ് ചാനലിൽ വന്ന പരിപാടികൾ കാണിച്ചു തന്നു.ഉച്ചക്ക് സ്കൂളിൽ നിന്ന് സാമ്പാറും മീൻ കറിയും കൂട്ടി ഭക്ഷണം കഴിച്ച് വന്നപ്പോൾ മധുരമായ സംഗീതം കേൾക്കാനായി ... എന്നും ഉച്ചക്ക് ഒരു മണിക്കൂർ ഞങ്ങളുടെ ഹെഡ്മാസ്റ്റർ പാട്ട് വെക്കും.ക്ലാസ് മുറികൾ ഹൈ ടെക്ക് ആയതോടെ പഠനം രസകരമാണെന്നത് ഞങ്ങൾ ചർച്ച ചെയ്തു.പുതിയതായി പണികഴിപ്പിച്ച സ്കൂൾ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലുള്ള ഞങ്ങളുടെ ക്ലാസിന്റെ വരാന്തയിൽ നിന്ന് നോക്കിയാൽ സ്കൂൾ മുഴുവനും കാണാം ... നിരനിരയായി ഉയർന്നു നിൽക്കുന്ന കെട്ടിടങ്ങൾ ,വിശാലമായ സ്കൂൾഗ്രൗണ്ട്,വൃത്തിയുള്ള പരിസരം,മുറ്റത്ത് പടർന്ന് പന്തലിച്ച് നിൽക്കുന്ന ആൽമരങ്ങൾ, ഞങ്ങളുടെ ഹെഡ്മാസ്റ്ററിന്റെ കഠിന പ്രയത്നത്താൽ നട്ടുനനച്ച് വളർത്തിയെടുത്ത സുന്ദരമായ ഔഷധോദ്യാനം,നൂറ് കണക്കിന് പച്ചമരുന്നുകളാണ് അവിടെ തളിർത്ത് നിൽക്കുന്നത്.... എന്തുകൊണ്ടും നല്ല കാഴ്ച കണ്ട് നിൽക്കവെ, വൈകിട്ട് ലിറ്റിൽ കൈറ്റ്സിന്റെ ക്ലാസ് ഉണ്ടെന്ന അറിയിപ്പ് മൈക്കിലൂടെ കേട്ടു. ഊർജ്ജ ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് സ്കൂളിന് ഒന്നാം സ്ഥാനമാണ് എന്ന വാർത്തയും അതോടൊപ്പം ഉണ്ടായിരുന്നു. ...

അവസാനത്തെ രണ്ട് പിരീഡ് IT ലാബാണ്. ധാരാളം കമ്പ്യൂട്ടറുകൾ ചിട്ടയായി ക്രമപ്പെടുത്തിയ മൂന്ന് ലാബുകളുണ്ട് സ്കൂളിൽ.പരിസ്ഥിതി ക്ലബ്ബിന്റെ വകയായി ഒരു wild life photography പ്രദർശനം നടത്താൻ വേണ്ടി സ്കൂൾ ഓഡിറ്റോറിയം തയ്യാറാക്കുന്ന കാഴ്ച കണ്ട് കുറേ നേരം നിന്നു.ഗണിത ക്ലബ്ബ്,സാഹിത്യ ക്ലബ ്,സാമൂഹ്യശാസ്ത്രക്ലബ്ബ്, ശാസ്ത്ര ക്ലബ്, സംസ്കൃതക്ലബ്ബ് ... ഇങ്ങനെ വിവിധ ക്ലബ്ബുകൾ എന്തെല്ലാം വ്യത്യസ്ത പരിപാടികളാണ് സംഘടിപ്പിക്കുന്നത് എന്ന് ഞാൻ ഓർത്തുകൊണ്ട് ഓഫീസിന്റെ പുറം ചുവരിലേക്ക് നോക്കിയപ്പോൾ സുസ്മേര വദനരായി ഇരിക്കുന്ന നാല്പത്തി ഏഴോളം മിടുക്കികളും മിടുക്കൻമാരും ... ഞങ്ങളുടെ സ്കൂളിന്റെ കഴിഞ്ഞ വർഷത്തെ നാല്പത് ഫുൾ A+, താഴെത്തെ നിരയിൽ ഇരുപത്തി ഏഴ് പേർ ഒൻപത് A+ ... ശരിക്കും എനിക്ക് അഭിമാനം തോന്നി. ഈ വിദ്യാലയത്തിൽ പഠിക്കാൻ കഴിയുന്നത് എന്റെ മഹാഭാഗ്യം എന്ന ചിന്തയോടെ ക്ലാസ് മുറിയിലേക്ക് കയറി. വൈകിട്ട് സ്കൂൾ വിട്ടപ്പോൾ ആദ്യത്തെ ബെല്ലിന് പെൺകുട്ടികളും രണ്ടാം ബെല്ലിന് ആൺകുട്ടികളും... ആയിരക്കണക്കിന് കുട്ടികൾ നിരനിരയായി പോകുന്നത് കാണാൻ തന്നെ എന്തൊരു ചേലായിരുന്നു ...

രാത്രി കിടക്കാൻ നേരം ആ മിടുക്കരുടെ ചിത്രങ്ങൾ എന്റെ മനസ്സിൽ നിറഞ്ഞ് നിന്നു ... എനിക്കും അങ്ങനെ സ്കൂളിന്റെ അഭിമാനമാകണം എന്ന് സ്വപ്നം കണ്ട് .. കണ്ട് ... ഞാൻ ദീർഘ നിദ്രയിലേക്ക് പോവുന്നു...

# അർഹിക്കുന്നതു മാത്രം

*- ചെറുകഥ* *-ജിസാബു(അധ്യാപകൻ)*



വാർധക്യമായിട്ടില്ല.,
അന്ത്യം അടുത്തതിന്റെ , നേരിയ
സൂചനപോലും ഇല്ല താനും
എന്നാലും ---!
ഒരു മോഹം;
എഴുതണം;
എന്തെങ്കിലുമല്ല;
'എന്റെ കഥ '! അതു തന്നെഎഴുതണം
എന്റെ ' എന്നു പറയുമ്പോൾ....! 'എന്നെ'
പരിചയമില്ലാത്തവരും ഉണ്ടാകും;
അവർക്കു വേണ്ടി, പരിചയപ്പെടുത്തട്ടെ,
ഞാൻ 'ഇത്തിൾക്കണ്ണി.
ഈ മുത്തശ്ശിമാവിനൊപ്പം
പാർക്കുന്നു; കാലങ്ങളായി ;
സുഖമായി.

സർഗാത്മക രംഗത്തുള്ള

എന്റെ ഇടം !
ഇനിയും, അത്
ഒഴിഞ്ഞു കിടന്നു കൂടാ!
കണ്ടെത്തണം;
എന്റെ ഇടം ഉറപ്പിക്കണം;

പരിഹസിക്കാൻ തക്കം നോക്കിയിരിക്കുന്നോരോട്,
ആദ്യം തന്നെ പറയുകയാ;
ഇനി അത് നടപ്പില്ല;
പരിഹാസം!
അതു മാത്രം ,കേട്ടാ വളർന്നത്;

ചൂഷകൻ,
കുഴിമടിയൻ,
സ്വാർത്ഥൻ ,
ഭൂമി മാതാവു പോലും
തൊടാൻ അറയ്ക്കുന്ന - അത്രയ്ക്കും
വൃത്തി കെട്ടവൻ!

നികൃഷ്ടമായതെല്ലാം
കേട്ടു വളർന്നു;
മാന്യന്മാർ വിളിച്ചു ;
പരോപ ജീവി!
ഇത്തിൾ ക്കണ്ണി !
കത്തിച്ചാലും കുത്തിക്കുടിക്കുന്നവൻ!

മണ്ണിന്റെ മണമില്ലാത്തവൻ!
അധ്വാനമെന്നു കേൾക്കുമ്പോൾ പുച്ഛം തോന്നുന്നവൻ;
പ്രകൃതിനിയമങ്ങൾ
നിനയാത്ത വികൃതി!
സത്തുക്കളുടെ വഴിമുടക്കി!
അഞ്ചു തന്ത്രവും , തന്ത്രത്തിൽ ഹൃദിസ്ഥമാക്കിയ,
ഗുരുത്വ ദോഷി!

ചാണക്യനീതി , വേദപുസ്തകമായി തെരഞ്ഞെടുത്തവൻ !
അംഗീകൃത ലിസ്റ്റിൽ ഇടം കിട്ടിയില്ലെങ്കിലും,
'ചിരംജീവി' !
അശ്വത്ഥാമാവിനും പിന്നിൽ ,ഇരിപ്പിടം കിട്ടിയവൻ!

വഴി മാറി നടന്ന എല്ലാവരോടും ചെയ്തത് , ലോകം
എന്നോടും ചെയ്തു;
നന്മകൾക്കു നേരേ കണ്ണടച്ചു;
ദോഷങ്ങൾ ഭൂതക്കണ്ണാടി
യിലൂടെ നോക്കി പട്ടിക പ്പെടുത്തി.
അവ അത്രയും , പെരുമ്പറ കൊട്ടി അറിയിച്ചു !
എനിക്കുള്ള കുറ്റപത്രവും

തയ്യാറാക്കി.
സ്വയംപര്യാപ്തതയുടെ, മഹിമയക്കു മറ വെച്ച അസുരവിത്ത് !
കുലദ്രോഹി
ചൂഷകൻ!

എന്റെ കൗമാരം;
അവഗണനകളുടെ ഘോഷയാത്രകൾ കണ്ട കാലം'
സാധുക്കൾ ;
നാട്ടു

വൈദ്യന്മാർ ചിലർ മാത്രം പറഞ്ഞു;
ഇത്തിൾ ഒരു ജീവി മാത്രമല്ല,
ജീവിപ്പിക്കുന്ന -
മൃതസഞ്ജീവിനി' കൂടിയാ.
ആ നാട്ടു വൈദ്യന്മാരെ ആദരിച്ച-
ഈറ്റില്ലങ്ങളിൽ ചലനമുണ്ടായി ! വേതിട്ടുള്ള കുളി കഴിഞ്ഞ് അനവധി അംഗനമാർ, ജീവിതാരാമത്തിലെത്തി !
അവർ !
ചേതോഹര വസന്തങ്ങൾ വീണ്ടും വീണ്ടും വിരിയിച്ചു!
" ശത്രു തന്നിലും ബലവാനെന്നു കണ്ടാൽ,
തല (ബുദ്ധി) കൊണ്ടു തന്നെ നേരിടണമെന്ന്,
ഉത്സാഹികളായ ചില
ചെറുപ്പക്കാർ .
എന്നിൽ നിന്ന് അറിഞ്ഞു;
മുഖപ്രസാദത്തോടെ അവർ
പ്രവൃത്തി മണ്ഡലത്തിലേക്ക് പാഞ്ഞു.

# മാതൃദുഃഖം

-അനീന ഷെറിൻ പി IX-J



കേഴുകയാണ് ഞാൻ രാപ്പകലില്ലാതെ
ഒഴുക്കിത്തീർക്കയാണീ മാതാവിൻ നൊമ്പരം
എൻ മാനം കാത്തിടാനായി
ജീവത്യാഗം ചെയ്തോരെൻ പൊന്നുമക്കൾ
ധീരനാണ നിങ്ങളെൻ മക്കളെ
ഈ രാജ്യത്തിൻ കാവൽ പടയാളികൾ
സ്വന്തം സഹോദരങ്ങൾ തൻ സംരക്ഷകനായി
ഏറ്റുവാങ്ങി നിങ്ങൾ നെഞ്ചിൽ തീയുണ്ടകൾ
നിങ്ങൾ തൻ ചൂടു നിണമൊഴുകി കുതിർന്നു പോയി
എൻ നെഞ്ചിലെ എണ്ണമറ്റൊരാ മൺതരികൾ
അന്നാദ്യം പേറുന്നൊരെൻ പേരമക്കൾ
തീക്കനലായിടുന്നീയമ്മതന്നുള്ളിൽ
കാത്തിടട്ടെയവരെ നിൻ സോദരങ്ങൾ
പോറ്റിടട്ടെ അവരെ ഈ രാജ്യത്തിൽ
മണിമുത്തായ് അർപ്പിക്കുന്നൊരായിരം
അശ്രുപൂക്കൾ വ്രണിതയാമീയമ്മ നിൻ പാദങ്ങളിൽ

• • •


## Latest in Science

**ISRO to launch imaging satellite Microsat- R on January 24.**


The 46 th flight of Polar Satellite Launch Vehicle(PSLV – C44) Will launch Microsat – R and Kalamsat from the first launch pad of the Satish Dhawan Space Centre at Sriharikota on January 24

**Gas vesicles provide new opportunities for MRI.**

A new type of MRI contrast agent fills up with the harmless noble gas xenon according to the ideal gas law and may increase contrast compared with conventional agents .



**Naveen T IX M**





# *സന്തോഷസഹിതമായ ദിനം*



ഇന്ന് പതിവിന് വിപരീതമായി ഞാൻ

നാല് മണിക്ക് എഴുന്നേറ്റു. ആ ശബ്ദം എന്നെ ഉറക്കത്തിൽ നിന്നും ഉണർത്തി. ഒരു മനോഹരമായ ശബ്ദം ആയിരുന്നു അത്. ഞാൻ മുറ്റത്തേക്ക് ഇറങ്ങിനോക്കിയപ്പോൾ ഒരു കുഞ്ഞിക്കിളിയുടെ ശബ്ദമായിരുന്നു അത്. എന്നാൽ ആ മനോഹരമായ ശബ്ദം എന്നെ പെട്ടെന്ന് സങ്കടപ്പെടുത്തി എന്തെന്നാൽ അതിന്റെ കാലിൽ ഒരു മുള്ള് തറച്ചിരുന്നു. ഞാൻ ഉടനെ തന്നെ ഉമ്മയുടെ അരികിൽ ചെന്ന് കാര്യങ്ങൾ പറഞ്ഞു, ഉമ്മ ഓടി വന്നു. ഉമ്മ അതിന്റെ കാലിൽ നിന്ന് മെല്ലെ അതിന് വേദനിക്കാത്ത രീതിയിൽ ആ മുള്ള് പുറത്തെടുത്തു. അതിന്റെ കരച്ചിൽ കുറഞ്ഞു എനിക്ക് സന്തോഷമായി. അതിന്റെ കാല് ഒന്ന് തുടച്ച് ഉടനെ തന്നെ അത് വീണ്ടും പാറിപ്പറക്കാൻ തുടങ്ങി അതിന് ശേഷം ഞാൻ ആലോചിച്ചു. ഇന്ന് ഞാൻ പതിവ് തെറ്റിച്ച് നേരത്തെ എഴുന്നേറ്റത് ഒരു നല്ല കാര്യത്തിന് വേണ്ടിയാണല്ലോ.

അത് എന്നെ ഒരുപാട് സന്തോഷവതിയാക്കിത്തീർത്തു.

-JINSHA
IX J

**മഹത് വചനങ്ങൾ**



**സ്വാമി വിവേകാനന്ദൻ**

*"ഒരു ഗ്രന്ഥാലയത്തിന്റെ മുഴുവൻ വിജ്ഞാനവും തലയിലേറ്റി അഹങ്കരിച്ചു നടക്കുന്ന ഒരു വ്യക്തിയേക്കാളും നല്ല പെരുമാറ്റ ശീലം കൈമുതലായുള്ള ഒരു സാധാരണക്കാരനെയാണ് ഞാൻ സ്നേഹിക്കുന്നത് "*


റോൾബോൾ സ്കേറ്റിംഗിൽ
ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡിലും
വേൾഡ് ഗിന്നസ് റെക്കോർഡിലും
ഇടം നേടിയ
പൂക്കോട്ടുംപാടം ജി.എച്ച്.എസ്.എസ്സിലെ
ഗൗരവ് കൃഷ്ണയ്ക്ക്
അഭിവാദ്യങ്ങൾ








GHSS


RMSA-SIET സംയുക്ത സംരംഭം
"TALENT HUNT നാഷണൽ
എക്സ്പോഷർ പ്രോഗ്രാമിൽ"
പങ്കെടുക്കാൻ
തെരഞ്ഞെടുക്കപ്പെട്ട കേരള ടീമംഗം
പൂക്കോട്ടുംപാടം ജി.എച്ച്.എസ്സ്.എസ്സ്
10–ാം ക്ലാസ് വിദ്യാർത്ഥിനി
സാന്ത്വനക്ക്
അഭിനന്ദനങ്ങൾ



~

# ഒരു വയനാടൻ യാത്ര

യാത്രകൾ എന്നും ജീവിതത്തിന്റെ ഓർമപ്പെടുത്തലാണ്.പ്രകൃതിയിലേക്കാവുമ്പോൾ അത് നമ്മുടെ ജീവനിലേക്കുള്ള തിരിഞ്ഞുനോട്ടമാണ്.അങ്ങനെ ഒരു അനുഭവമാണ് ദേശീയ ഹരിതസേനയുടെ പ്രകൃതി പഠന സഹവാസ ക്യാമ്പിൽ നിന്നു ഞാനനുഭവിച്ചത്.

നാടുകാണി ചുരത്തിലൂടെയായിരുന്നു യാത്ര വൈവിധ്യങ്ങളുടെ കലവറയായ നാടുകാണി ചുരം അതിമനോഹരമായ കാഴ്ച അനുഭവം പങ്കുവച്ചു.നീലഗിരി സമീപ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച ഒരു മണിക്കൂറുകൾ കൊണ്ട് സംസ്ഥാന അതിർത്ഥി കടന്ന് വീണ്ടും തിരിച്ചെത്തി.തേയില തോട്ടങ്ങളും അതിനിടയിൽ ഘന സുന്ദരിയായി വിലസുന്ന സിൽവർ ഓക്ക് മരങ്ങളും ഇരച്ചെത്തുന്ന തണുപ്പും ഒരു നിത്യവിസ്മയമാണ് .ഉച്ചകഴിഞ്ഞുള്ള സൂര്യൻ വിടപറയുന്നതിനുമിടയിലുള്ള ഒരു ശാന്ത സന്ദർഭത്തിൽ ഞങ്ങൾ ബത്തേരി റേഞ്ചിലെത്തി കുളിരേകുന്ന ഇളം കാറ്റും പ്രകൃതിയുടെ നാദവുമായിരുന്ന ഞങ്ങളെ അവിടെ വരവേറ്റത് നഗരങ്ങളിലെ തിരക്കിൽ നിന്നും കെട്ടിടങ്ങളിൽ നിന്നമെല്ലാം മുക്തി നേടിയതുപോലെ തികച്ചും ശാന്തമായ ശുദ്ധമായത് മാത്രം നിലനിൽക്കുന്നിടം. ഇങ്ങനെയൊരനുഭവംഎന്റെ ജീവിതത്തിൽ ആദ്യമായിരുന്നു.


ഞങ്ങളുടെ ഡോർമറ്ററി കടന്നാൽ ഒരു ഉങ്ങ് മരത്തിന്റെ ചുവട്ടിൽ മുളയിൽ നിർമിച്ച ബഞ്ചുകൾ കാണാം അതും കടന്ന് ഒരു നടപ്പാലത്തിലൂടെ ഒരു വിശാലമായ പച്ചപരവതാനിയും അൽപമകലെ നിഗൂഡമെങ്കലും സുന്ദരവനങ്ങളും കാണും ബാലസഹജമായ കൗതുകത്തോടെ ആ സൗന്ദര്യത്തെ ആസ്വദിച്ചു.അൽപമകലെ പുല്ലുമേയുന്ന കൂട്ടിലടക്കപ്പെടാത്ത സ്വതന്ത്രരായ മാൻ കൂട്ടത്തെ കാണാം.കണ്ട് മനം നിറയുന്നതിനു മുമ്പേ വിളിയെത്തി .ഒരു ചെറിയ സമാശ്വാസത്തിന് ശേഷം 50 ഓളം കുട്ടികളും അവരുടെ അധ്യാപകരും ചേർന്ന് കൂട്ടത്തിന്റെ പരിചയപ്പെടുത്തൽ സെക്ഷനായിരുന്നു.മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയവർ,അവർ അവരുടെ നാടിന്റെ പ്രകൃതിപരമായ സവിശേഷകൾ പകരുന്നു.ഞങ്ങളെ നിരീക്ഷിച്ചുകൊണ്ട് റേഞ്ച് ഉദ്യോഗസ്ഥരു, അറിവിന്റെ സ്വർണ സൂര്യനായ സതീഷ്ചന്ദ്രൻ സാറും. ജീവിതത്തിന് ഇതുവരെ പടിച്ചതിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാമോ അർത്ഥങ്ങളുണ്ടെന്ന് മനസ്സിലായത് മൂന്ന് ദിവസത്തെ ഈ ക്യാമ്പിൽ നിന്നാണ് .അതിന് പ്രധാന പങ്കുവഹിച്ചത് സാറിന്റെ സാന്നിധ്യവും. മൂന്നു ദേശീയോദ്യാനങ്ങളുടെ സംഗമ സ്ഥലമായ വയനാട് കുളിരേകുന്ന തണുപ്പാൽ അനുഗ്രഹീതമാണ്. അതിരാവിലെ എഴുന്നേറ്റപ്പൾ ഞങ്ങളെ കാത്തുനിന്നത് അകൃത്രിമമായ പ്രഭമായിരുന്നു മലകൾക്കിടയിലൂടെ ദൂരെ നീലഗിരിയുടെ ചക്രവാളം കാണാം.

പ്രഭാതഭക്ഷണത്തിന് ശേഷം ഞങ്ങൾ കാട്ടിലേക്കിറങ്ങി ,കാടിനെ അറിയാൻ എന്നാൽ സത്യത്തിൽ അത് ഒരു കാടായിരുന്നില്ല,അതെത്രയോ പരന്നു കിടക്കുന്നു.ആദ്യമായി പരിചയപ്പെട്ട വൃക്ഷം ചന്ദനമായിരുന്നു,അവിടെ നിന്ന് വെൺ തേക്ക്, മഞ്ഞക്കടമ്പ്, കരിമരുത് എന്നിങ്ങനെ നീണ്ടു നീണ്ടു പോയി അവ. വൃക്ഷങ്ങൾ മാത്രമല്ല മൃഗങ്ങളുടെ കാല്പാടുകളും, മാൻകൊമ്പും, മുള്ളൻപന്നിയുടെ മുള്ളും ഞങ്ങളെ സ്വീകരിക്കാൻ തയ്യാറായിരുന്നു. നിശബ്ദമായ വനത്തിലേക്ക് നമ്മളാണ് അതിക്രനിച്ചു കയറിയത്, അതിനാൽ നിശബ്ദരായി ഞങ്ങൾ നിലകൊണ്ടു എന്നാൽ കാടിനെ അനുഭവിച്ചറിഞ്ഞ സതീഷ് സർ അറിവുകൾ പകർന്നു കൊണ്ടേയിരുന്നു, ഞങ്ങളുടെ ജിജ്ഞാസയും. വിശ്രമത്തിനായി ആദ്യം പച്ചില ചാർത്തുകളാൽ അലങ്കരിക്കപ്പെട്ട വൃക്ഷച്ചുവട്ടിലായിരുന്നു ഞങ്ങൾ ഇരുന്നത്. അത്ര ഹരിത മനോഹരമായ കാഴ്ച്ച ഇന്നും മനസ്സിൽ മായാതെ നിലകൊള്ളുന്നു.രണ്ടാമതായി ഞങ്ങൾ തിരഞ്ഞെടുത്തത് ഒരു വിശാലമായ വയലായിരുന്നു വയലിന്റെ ഓരത്ത് കൂടിയിരുന്ന ഞങ്ങളെ ഒരു പുള്ളിമാൻകൂട്ടം ദൂരെ നിന്ന്

വീക്ഷിക്കുന്നുണ്ടായിരുന്നു. കടുവയുടെ കാല്പാടുകൾ കണ്ടെങ്കിലും, നേരിട്ട് കാണാനായില്ല എന്നാൽ ആ വയലിന്റെ  ഒരറ്റത്ത് നിന്ന് ഇരയുടെ  പിറകെ ഓടുന്ന കടുവയെ എനിക്ക് കാണാമായിരുന്നു, ഇപ്പോഴും കാണാം. ചില ശബ്ദങ്ങൾ കേൾക്കാൻ തുടങ്ങിയപ്പോൾ ഞങ്ങൾ തിരികെ നടക്കാൻ തയാറായി . കണ്ട കാഴ്ചകളെല്ലാം ഒന്നുകൂടി സൂക്ഷ്മമായി കണ്ടതുപോലെ .



തിരികെയെത്തി, വെള്ളം തൊട്ട് തലോടി, ഭക്ഷണവും കഴിച്ച് അല്പനേരത്തെ വിശ്രമം . വീണ്ടും ക്ലാസുകൾ ആരംഭിച്ചു കണ്ട കാഴ്ചകളുടെ വിശദാംശങ്ങളും, മറ്റു കാര്യങ്ങളും, സംശയയ ദൂരീകരണവും എല്ലാമായി സമയം പോയതേയറിഞ്ഞില്ല. രാത്രി ഭക്ഷണത്തിന് ശേഷം പതിവുപോലെ ക്ലാസാരംഭിച്ചു.ഇലകളെല്ലാം നനഞ്ഞിരിക്കുന്നു മഴ പെയ്തട്ടുമില്ല. ക്ലാസിനു ശേഷം കലാപരിപാടികളായിരുന്നു, തമാശയും, ഗൗരവവും  എല്ലാം വന്നു. ആ മരച്ചുവട്ടിലെ നിലാവിൽ കറുത്ത പ്രതലത്തിലെ മഞ്ഞിന്റെ സാന്ദ്രത സമയം പോകുന്തോറും കൂടി വന്നു. കലാ പരിപാടികൾ അവസാനിപ്പിച്ച് വീണ്ടും ഡോർമെറ്ററിയിലേക്ക്.



പക്ഷി നിരീക്ഷണവും കോളനി സന്ദർശനവുമായിരുന്നു അ ന്നത്തെ കാര്യപരിപാടികൾ. നാട്ടിൽ കാണാത്തവയോ അതോ കണ്ട് മനസ്സിലാവാത്തതോ ആയ എത്രയോ പക്ഷികൾ. മയിൽതന്നെ വരവേറ്റു, പിന്നാലെ പനം കാക്ക(Indian dove), Indian roller ,whistiling thrust എല്ലാവരും വന്നു. ശേഷം അടുത്തു ഒരു കോളനി സന്ദർഷിച്ചു, അവിടെ കുട്ടികൾ ഞങ്ങക്കായി പാട്ടുകൾ പാടി, ഞങ്ങളും പാടി,അവരേറ്റുപാടി. അവരോട് യാത്ര പറഞ്ഞ് ഞങ്ങൾ അവിടെ വൃക്ഷങ്ങൾക്കിടയിലൂടെ വളർന്ന parasite ചെടികൾ പിഴുതെടുത്തു

കാരണം അവ കാടിനെ വളരാൻ അനുവദിക്കില്ല. ഏറെ സമയത്തെ പരിശ്രമത്തിനൊടുവിൽ ഒരു ചെറിയ

പ്രദേശം ഞങ്ങൾ വൃത്തിയാക്കി. ഞങ്ങളുടെ നേതാവപ്പോഴാണ് വന്നെത്തിയത്. പല പുസ്തക പരിചയവും, പ്രകൃതിയുടെ അവസ്ഥയിൽ അല്പമെങ്കിലും നിരാശയിൽ പങ്കുചേർന്ന് ഞങ്ങൾ മടങ്ങി.

# പൂമ്പാറ്റ

-റിഷ . പി VIII - I



പുള്ളിച്ചിറകുള്ള പൂമ്പാറ്റ
പുള്ളിച്ചിറകാൽ ഓടിവരും
പൂന്തോട്ടത്തിലെ റാണിയായ്
മഴവിൽ നിറത്താൽ പാറിപറന്ന്
പൂന്തേൻ നുകരാൻ എത്തുകയായ്
രാവും പകലും ആകാശമൊട്ടാകെ പാറികളിച്ചിടും
പൂന്തോട്ടത്തിൻ ഭംഗികൂട്ടാൻ
ചിറക് വിരിച്ച് എത്തുകയായ്
മഴവിൽ നിറമുള്ള പൂമ്പാറ്റ
ഭംഗിയാർന്ന പൂമ്പാറ്റ

# I am the cell

-Najiya

***I** am living in all the living things*
***you know that, I am the cell***
***I am the cell, I am the cell***
***many are my shapes and,***
***many are my size.***
***The release of energy from nutrients ,is***
***done by me, done by me!***
***The biomolecules are synthesis by me***
***the resistant of foreign particles are,also***
***done by me, done by me***
***I am the basis of like,***
***you know that, I am the cell.***
***I am the cell, I am the cell.***

# വലയിലെ കുരുക്ക് ( സ്കിറ്റ് )

*കഥ,സംഭാഷണം : ബാസിം കടവത്ത്*

*I X-A*

*(മുറികളിൽ കുട്ടികൾ)*

*പല തരം റിങ്ടോണുകൾ*

*കുട്ടി 1 : ശ്ശൊ... എൻെറ നെറ്റ് ബ്ലോക്കായി പൊയി,.ശ്ശേ...*

*കുട്ടി 2:എൻെറ ഡാറ്റയും തീർന്നു....*

*കുട്ടി 3: ഹൊ എൻെറ മെമ്മറി ഫുള്ളായി ...*

*കുട്ടി 4: ഞാൻ ട്രയാങ്കളിൻെറ സർഫസ് എരിയ ഫൈൻറ് ഔട്ട് ചെയ്യുന്ന ആക്റ്റിവിറ്റിയിലായിരുന്നു.. 1 ജി ബി യാ ടപ്പേ..ന്ന് തീർന്നത്*

*(കുട്ടികൾ വട്ടത്തിലിരുന്ന് സംസാരിക്കുന്നു)*

*നീ ഹോട്ട്സ്പോട്ട് ഓണാക്കിയേ....*

*ഞാൻ വൈഫൈ കണക്റ്റ് ചെയ്യട്ടെ...... (അങ്ങനെ ഒരുപാട് ന്യൂ ജനറേഷൻ വാക്കുകൾ പറയുന്നു)*

*(music)കുട്ടികൾ പഠിക്കാനിരിക്കുന്നു(music)ടീച്ചർ വരുന്നു*

*ടീച്ചർ: യെസ് യെസ് ഏർലി മൊർണിങ്ങിന് എഴുന്നേൽക്കണം...നല്ല ചില എജ്യൂക്കേഷൻ ആപ്പുകളുടെ ലിങ്ക് അയച്ച് തന്നിട്ടുണ്ടല്ലൊ...*

*കുട്ടികൾ: യെസ് മാം*

*ടീച്ചർ : ഡിസിപ്ലിൻ  അതിൻെറ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും പ്രതീക്ഷിക്കണ്ട ഞാൻ വളരെ സ്ട്രിക്റ്റാ. ഒബെ മൈ വേർഡ്സ്...(music) ടീച്ചർ പോവുന്നു*

*(ബൈനോക്കുലറുമായി കുട്ടി പ്രവേശിക്കുന്നു )*

*കുട്ടി : വെയർ ഈസ് മൈ ടാബ് ... അതിലാണെൻെറ ആങ്ക്രിബേർഡ്സ് , ടെമ്പിൾ റൺ...*

*യാ.. ഐ ഗൊട്ട് മൈ ടാബ് ....മൈ ഗെയിംസ്.....*

*കുട്ടികൾ: വ്വാഹ് ........... (അവന്റെയടുത്തേക്ക് പോവുന്നു )*

*കുട്ടി 1: ഹേയ് ആങ്ക്രിബേർഡ്സ് കളിക്കാം..  ?*

*കുട്ടീ 2: അതു വേണ്ട*

*കുട്ടി 3: എന്നാൽ ടെംബിൾ റണ്ണായാലൊ...*

*കുട്ടി 4: നൊ.. അതു രസല്യ....*

*കുട്ടി : യാഹ് മിനി മിൽറ്റി കളിക്കാം ..*

*കുട്ടി 1: അതു മതി*

*കുട്ടി 2: അതിലാവുമ്പോ*

*കുട്ടി 3: വെടി വെക്കാം*

*കുട്ടി 4: കൊല്ലാം ...*

*കുട്ടികൾ : വെടി വെക്കാം കൊല്ലാം*

*(music) കുട്ടികൾ തമ്മിൽ വെടി വെക്കുന്നു ..*

*(music) മജീഷ്യൻ കടന്നു വരുന്നു*

*മജീഷ്യൻ : കൂട്ടുകാരേ... വാ നമുക്ക് ഫുട് ബോൾ കളിക്കാം*

*(കുട്ടികൾ ചിരിച്ചുകൊണ്ട് )*

*കുട്ടികൾ : എവിടുന്നു കളിക്കാന .. നോ ഗ്രൌണ്ട് ...*

*മജീഷ്യൻ : അതിനെന്താ നമുക്ക് ഇവിടെ കളിക്കാലോ...*

*കുട്ടി: ഞങ്ങൾ റെഡി*

*(music) കുട്ടികൾ ഫൂട്ബോൾ കളിക്കുന്നു*

*ടീച്ചർ : ഷിറ്റ് .. വാട്ടെ ഡേർട്ടി ഗെയിം .. വാട്ട് ഈസ് ദിസ് .. മണ്ണിലിറങ്ങി ഒരു കളിയും പറ്റില്ല ... ഡിസിപ്ലിൻ റിമെമ്പർ ... അയാം വെരി സ്ട്രിക്റ്റ്..*

*(മജീഷ്യൻ മാജിക്ക് കാണിച്ച് വരുന്നു )*

*കുട്ടികൾ : വാഹ്... ഫൻറാസ്റ്റിക്ക് .... അമേസിങ്ങ് ... ഓസം... .........*

*മജീഷ്യൻ : ഞാൻ ഒരു പുതിയ ഗെയിമുമായാണ് വന്നിട്ടുള്ളത് ... ഒരു കിടിലം ഗെയിം!*

*ഈ കളി കളിച്ചാൽ ജയിക്കണം . തോറ്റാൽ.....*

*കുട്ടികൾ : തോൽക്കില്ല....*

*മജീഷ്യൻ : ഗുഡ് എങ്കിലിതാ.....*

*കുട്ടികൾ : യെസ്... വീ ഗോട്ട് ഇറ്റ്*

*(മ്യൂസിക്) (കുട്ടികൾ ബ്ലൂ വെയിൽ ഗെയിമിലെ മിഷനുകൾ ചെയ്യുന്നതായി കാണിക്കുന്നു.... കുട്ടികളുടെ മുഖത്ത് ദുഖം ഭയം മൊബൈൽ വലിച്ചെറിയുന്നു .. കുട്ടികൾ കിടന്ന് പിടക്കുന്നു .)(മജീഷ്യൻ നടന്നു വന്ന് വലവീശുന്നു )*

*മജീഷ്യൻ: ഇല്ലാ ഈ വലയിൽ നിന്ന് നിങ്ങൾക്ക് രക്ഷപ്പെടാൻ ആവില്ല ...ഇതെൻെറ വല ഈ കുരുക്കിൽ പെട്ട ആരും ഇതു വരെ രക്ഷപ്പെട്ടിട്ടില്ല .... വാ... വാ.... വാ....*

*വലക്കുള്ളിൽ കിതച്ചു വീഴുന്ന കുട്ടിക്കു മുന്നിൽ ഒരു പട്ടം വന്നു വീഴുന്നു*

*അവൻ പട്ടമെടുത്ത് അപരിചിത ഭാവത്തോടെ നോക്കുന്നു .*

*ദൂരെ എന്തോ കാണുന്നതായി കാണിക്കുന്നു . അവൻ തൻെറ ബൈനോക്കുലറിലൂടെ നോക്കുന്നു . ദൂരെ നിന്ന് ഒരു കളിപ്പാട്ട് ഉച്ചത്തിൽ കേൾക്കാനാവുന്നു . പാട്ടിനു പിറകെ അവൻ നടന്നു പോവുന്നു ....*

*പാട്ടിൻെറ ശബ്ദം പതിയേ താഴുന്നു ....*

*( തിരശ്ശീല വീഴുന്നു )*

# ഓണക്കവിതകൾ

*'ഓണം വന്നു കലണ്ടറിൽച്ചിറകൊതു-*

*ക്കിട്ടുമ്പൊളിന്നെൻറെ യുൾ-*

*പ്രാണൻ പാറിയൊരമ്പതാണ്ടു പിറകോ*

*ട്ടാശ്വാസമാശിക്കയാൽ',*

*(ഓർമയിലെ ഓണം-വി എ കേശവൻനമ്പൂതിരി)*

*'ഉല്ലാസപ്പൈങ്കിളിമാർതൻ കളകള-*

*മല്ലോ മുഴങ്ങുന്നതേതിടത്തും,*

*നാളെത്തിരുവോണ,മെന്നുണ്ടതിൽപ്പരം*

*ബാലലോകത്തിന്നാഹ്ലാദിക്കാൻ!'*

*(യുദ്ധകാലത്തെ ഓണം - ഇടശ്ശേരി)*

*'ചിറ്റാട,ചേമന്തി,ചെങ്കുരിഞ്ഞി,*

*ചെത്തി,നൽച്ചെട്ടിച്ചി,ചെമ്പരത്തി,*

*മന്ദാരം,മാലതി,മുക്കുറ്റിയും,*

*ബന്ധുരമായ പവിഴമല്ലി,*

*തുമ്പ തുടങ്ങിയ പൂക്കളില-*

*ക്കുമ്പിളിലാവോളം ശേഖരിച്ച്'*

*(പോവല്ലേ,പോവല്ലേ പൊന്നോണമേ!'- ഇടപ്പള്ളി രാഘവൻ പിള്ള)*

*'ഓണമേ!വിഷാദത്തെ-*

*ദ്ധിക്കരിച്ചൂർജ്ജസ്വല-*

*പ്രാണരായിതാ നിന്നെ-*

*യെതിരേൽക്കുന്നു ഞങ്ങൾ*

*നിറവേറ്റുവാൻ കൊതി-*

*കൊണ്ടിടും സ്വപ്നങ്ങളാൽ'   (ഓണം - തിരുവല്ലൂർ കരുണാകരൻ)*

*'ഓണമേ,നിനക്കൊരു പാട്ടു പാടാമോ വന്നെൻ*

*പ്രാണനിൽക്കടന്നിരു,ന്നെൻറെ മൺകുടിയിൽ പൂകി,*

*പോയ കാലത്തിൽ വെട്ടമിത്തിരി കിടപ്പുണ്ടു;*

*നീയതിലിരുന്നൊരു കൊച്ചു പല്ലവി പാടൂ!'*

*(ഒരു പാട്ട് പാടാമോ - ജി ശങ്കരക്കുറുപ്പ്)*

*'ഓണപ്പൂക്കൾ പറിച്ചില്ലേ നീ-*

*യോണക്കോടിയുടുത്തില്ലേ*

*പൊന്നുഞ്ചിങ്ങം വന്നിട്ടും,നീ-*

*മിന്നും മാലേം കേട്ടീല്ലേ?*

*മണിമുറ്റത്താ മാവേലിക്കൊരു*

*മരതക പീഠം വെച്ചീല്ലേ!'*

*(ഓണപ്പൂക്കൾ - ചങ്ങമ്പുഴ)*

*'ആനന്ദ,മാനന്ദം കൂട്ടുകാരേ,*

*പറാ,നമ്മൾക്കോണമിങ്ങെത്തി ചാരേ:*

*വിണ്ണോളം മന്നിനെ പൊക്കും നാളെ*

*പൊന്നോണ നാളെ, ജയിക്ക നീളേ!'*

*(ഇടപ്പള്ളി രാഘവൻ പിള്ള)*

പാണനാർ പണ്ടത്തെ പാട്ടു മറന്നുപോയ്

പാടത്തെ കൊയ്ത്തു പാട്ടാർക്കുവേണം?

പൂമുഖത്താരും വിരുന്നു വരാതായ്

പുഞ്ചിരിക്കാനാർക്കു നേരമിന്ന്......?

(ഓണപ്പിണക്കം – ഇ ജിനൻ)


Digital Writer:Basim.K

# Nobel Prize for Peace – 2018




The 2018 Nobel Peace Prize was awarded to Denis Mukwege and Nadia Morad for their efforts to end the use of sexual violence as a weapon of war and armed conflict . Both laureates have made a crucial contribution to focusing attention on and combating , such war crimes Denis Mukwege is the helper who has devoted his life to defending this victims . Nadiya morad is the witness how tells of the abuses perpetrated against herself and others . Each of them in their on way has helped to give greater visibility to war time sexual violence, so that the perpetrators can be held accountable for their actions

**മഹത് വചനങ്ങൾ**



## രവീന്ദ്രനാഥടാഗോർ

*"അസ്തമയസൂര്യൻ ചോദിച്ചു ഞാൻ അസ്തമിക്കാൻ പോകുന്നു ആരാണ് എന്റെ ജോലി തുടരുക .*

*ആരും മിണ്ടിയില്ല കുടിലിലെ മൺവിളക്ക് പറഞ്ഞു . അങ്ങ് ധൈര്യമായി മറഞ്ഞുകൊള്ളൂ . എനിക്ക് കഴിവുള്ളത് ഞാൻ ചെയ്യാം" .*

# INTERVIEW: SUB INSPECTOR OF POLICE

Topic:Drug abuse among School children **-Noula Shirin 10 F**



**1**.What is the average number of drug abuse cases in which school students are included?

:*"We couldn't give a clear number but we can say that1/4th of the total drug abuse cases are of students"*

**2**.What is it's trend during recent 4years?

:*There is a rapid increase in the drug consumption and abuse in recent years.*

**3**.Is it boys or girls who are mostly seen in such cases? Why?

:*"Both boys and girls are ther,boys are addicted and girls are used as carrier. It May be because of their living surroundings"*

**4**.How the students ar calling prey to this mafia?

:*"The middle men are influencing the children by giving them money,another offers which teens like to have. The innocent youth is falling prey to their business."*

**5.**What are the precautions that we students, parents and teachers should take in beware of the drug mafia?

:*" Students should concentrate in curricular and co curricular activities and go away from drugs. Parents and teachers should take care of the changes in school students."*



അമൃത കെ VIII D

# വൃദ്ധൻ പറഞ്ഞത്

***പ്രവീൺ.പി.ആർ 10.L***

പതിവിന് വിപരീതമായി ഞാൻ ഇന്ന് രാവിലെ നാല് മണിക്ക് എഴുന്നേറ്റു.ആകെ ഒരു ഏകാന്തത. ഞാൻ വീടിന് വെളിയിലേക്കിറങ്ങി.ദേഹം വിറകൊണ്ടു. ചുറ്റും നോക്കി. എന്നാൽ അത്ഭുതത്തോടെ ഞാൻ ആ കാഴ്ച കണ്ടു. മൊട്ടിട്ടു തളിർത്ത മുല്ലപ്പൂക്കൾ സുന്ദരമായ സുഗന്ധം പരത്തുന്നു. ആ ഗന്ധം ആസ്വദിച്ചുകൊണ്ടിരുന്നു. അൽപ്പം കഴിഞ്ഞ് പതിവിനനുസൃതമായി റോഡിലൂടെ നടക്കാനിറങ്ങി. ഒരു കടത്തിണ്ണയ്ക്ക് സമീപം അൽപ്പമൊന്നിരുന്നു. കടത്തിണ്ണയ്ക്ക് സമീപം നിൽക്കുന്ന ഒരപ്പൂപ്പനെ കണ്ടു. കീറിപ്പൊളിഞ്ഞ ഒരു പുതപ്പ് പുതച്ച് ഇരിക്കുകയാണ് ആ വൃദ്ധൻ. ആ വൃദ്ധൻെറ കൈവശം ഞാനൊരു പുസ്തകം കണ്ടു. അദ്ദേഹത്തോട് ആ പുസ്തകം ചോദിച്ചു. അദ്ദേഹം പറഞ്ഞു ഈ പുസ്തകം ഞാൻ നിനക്ക് തരാം. പക്ഷെ നീ എനിക്ക് ഒരു കട്ടൻ ചായ വാങ്ങിച്ചു തരണം. ഞാൻ സമ്മതിച്ചു. ഞാൻ അദ്ദേഹത്തിന് കട്ടൻ ചായ വാങ്ങിച്ചു കൊടുത്തു. പുസ്തകവുമായി ഞാൻ വീട്ടിലെത്തി. സമയ സൂചിക കടന്നു കൊണ്ടേയിരുന്നു. സമയം സന്ധ്യയായി. ഞാൻ ആ പുസ്തകമെടുത്ത് വായന തുടങ്ങി. അതിലെ കാര്യങ്ങൾ എന്നെ അമ്പരിപ്പിച്ചു. നമ്മുടെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ആ പുസ്തകത്തിൽ മഹാത്മാ ഗാന്ധിയുടെ വചസ്സുകൾ കാണാം. എന്നാൽ അതിൽ എന്നെ ആകർഷിച്ച വാചകം "ഉദ്ദേശ്യ ശുദ്ധിയുള്ളവനെ ദൈവം കൈവിടില്ല". ഈ വാചകത്തിലൂന്നിയ കാര്യങ്ങൾ വായിക്കാൻ പറ്റിയതിൽ ഞാൻ അഭിമാനം കൊണ്ടു. ഞാൻ ആ വൃദ്ധനെ അന്വേഷിച്ച് പല സ്ഥലത്തും നടന്നു. എന്നാൽ അദ്ദേഹത്തെ എനിക്ക് കണ്ടെത്താനായില്ല. ഒരു ദിവസം രാവിലെ  നടക്കാനിറങ്ങിയപ്പോൾ കടത്തിണ്ണയുടെ അരണ്ട വെളിച്ചത്തിൽ നിന്ന് ഞാൻ ഒരു മനുഷ്യരൂപം കണ്ടു. ഞാൻ അവിടെയെത്തിയപ്പോൾ അത് ആ വൃദ്ധനായിരുന്നു. ഞാൻ പോക്കറ്റിൽ നിന്ന് അദ്ദേഹം തന്ന പുസ്തകമെടുത്തു. അദ്ദേഹത്തിന് നൽകി. അദ്ദേഹം അത് വാങ്ങി എന്നോട് പറഞ്ഞു. "ജീവിതത്തിൽ പുതു വെളിച്ചമേകേണ്ടത് പുസ്തകങ്ങളും അതിലെ വചസ്സുമാണ്." ഇത് പറഞ്ഞപ്പോൾ അദ്ദേഹം എന്നെ ഒന്ന് ഉറ്റു നോക്കി. വെളിച്ചത്തിൽ നിന്ന് മറയുകയാണ് ആ വൃദ്ധൻ.

**മഹത് വചനങ്ങൾ**


## എബ്രഹാം ലിങ്കൺ



***"ഞാൻ എന്താകാൻ ആഗ്രഹിക്കുന്നുവോ അതിനെല്ലാം എന്റെ അമ്മയോട കടപ്പെട്ടിരിക്കുന്നു ."***



**Adil Shan A IX D**



Drissia K VIII D



# മാഞ്ഞുപോകുന്ന അടയാളങ്ങൾ

## ***കാർഷിക കലകൾ***

***ആട്ടക്കളം***

ഉത്തരകേരളത്തിലെ ഉൾനാടൻഗ്രാമങ്ങളിൽ കർഷകർ നടത്തുന്ന വിനോദ കല.നെൽക്കറ്റകൾ മെതിക്കുന്ന കളത്തിൽവെച്ചാണ് ആട്ടക്കളം നടത്തുന്നത് .

***കാളപ്പൂട്ട്.***

നെല്ല് കൃഷി ചെയ്യുന്ന പാടങ്ങളിൽ ഉത്സവത്തിന്റെ ആഘോഷത്തോടെ നടത്തുന്ന കാർഷിക വിനോദം.

***പുലയർ കളി.***

മുണ്ടകൻ കൊയ്ത്തിനു ശേഷം ഒരു കാളയുടെ ഒന്നരയടി പൊക്കമുള്ള ഒരു രൂപം കെട്ടിയുണ്ടാക്കി മുളങ്കാണിയിൽ എടുത്തുകൊണ്ട് നടന്ന് നൃത്തം ചെയ്യുകഎന്നതാണ് പുലയർ കളി.

***കൊയ്ത്തുനൃത്തം.***

കൊയ്ത്തിന്റെ സമയത്ത് കൊയ്ത്തുപാട്ടുകൾ നീട്ടിപ്പാടി കിങ്ങിണി അരിവാൾ ഉരസി ചുവടു വച്ചുള്ള നൃത്തം.

***കോതാമൂരിയാട്ടം.***

കൃഷി നന്നാക്കാനും കന്നുകാലികളും ധനധാന്യാദികളും വർദ്ധിക്കാനും വേണ്ടി നടത്തിവന്ന നാടോടിനൃത്തകല. തുലാം,വൃശ്ചികമാസങ്ങളിൽ വീട്ടുവീടാന്തരം കയറിയിറങ്ങിയാണ് കോതാമൂരിയാട്ടം നടത്തുന്നത്.

# മലയാളകഥയിലെ നിത്യയൗവനം

*അടിസ്ഥാനപരമായി മനുഷ്യൻ നല്ലവനാണെന്ന് വിശ്വസിക്കുകയും തന്റെ രചനകളിലൂടെ അത് തെളിയിക്കുകയും ചെയ്ത മഹാനായ എഴുത്തുകാരനാണ് ഉറൂബ്. ഉറൂബ് എന്നത് തൂലികാനാമമാണ്. 'യൗവ്വനം നശിക്കാത്തവൻ' എന്നതാണ് ഈ അറബി വാക്കിനർത്ഥം . സുന്ദരികളും സുന്ദരന്മാരും , ഉമ്മാച്ചു , അണിയറ , മിണ്ടാപെണ്ണ് (നോവൽ) , രാച്ചിയമ്മ, ഗോപാലൻ നായരുടെ താടി, മൗലവിയും ചങ്ങാതിമാരും,തെരഞ്ഞെടുത്ത കഥകൾ , തീ കൊണ്ട് കളിക്കരുത് (നാടകം), അങ്കവീരൻ , പിറന്നാൾ(കവിതകൾ) തുടങ്ങി 35 ൽ അധികം കൃതികൾ അദ്ദേഹത്തിന്റെതായുണ്ട്. കേന്ദ്ര ,കേരളസാഹിത്യ അക്കാദമികളുൾപ്പടെ നിരവധി പുരസ്കാരങ്ങൾ ഉറൂബിനെ തേടിയെത്തി . " ഏതു മനുഷ്യനിലും നന്മകളുടെ ഒരു ചെറുതരിയെങ്കിലും ഇല്ലാതിരിക്കില്ല " എന്ന് ലോകത്തോട് തന്റെ കൃതികളിലൂടെ വിളിച്ചുപറഞ്ഞ എഴുത്തുകാരനാണ് ഉറൂബ്. അകന്നിരിക്കുമ്പോൾ ഒരുമനുഷ്യൻ വിരൂപനും ദുഷ്ടനുമാവും . അടുക്കുമ്പോഴാണ് അയാൾ എത്രമാത്രം സുന്ദരനും വിശാലഹൃദയനുമാണെന്ന് നാം തിരിച്ചറിയുന്നത്. എല്ലാ മനുഷ്യരും സുന്ദരികളും സുന്ദരന്മാരുമാണെന്ന് വിശ്വസിച്ച ഈ എഴുത്തുകാരന്റെ മികച്ച സംഭാവനകളിലൊന്നാണ് ' സുന്ദരികളും സുന്ദരന്മാരും ' . ഉറൂബിന്റെ ശക്തമായ സ്ത്രീകഥാപാത്രങ്ങളിലൊന്നാണ് ' ഉമ്മാച്ചു'.മലയാളത്തിലെ ശ്രദ്ധേയമായ ചെറുകഥകളിലൊന്നാണ് 'രാച്ചിയമ്മ'.*

# മലയാളത്തിലെ കളഹംസം

*മലയാളഭാഷ എത്ര മനോഹരമാണെന്ന് തന്റെ കവിതകളിലൂടെ തെളിയിച്ച കവിയാണ്ചങ്ങമ്പുഴ. മലയാളകവിതയുടെ നിത്യവസന്തമാണ് അദ്ദേഹം.1911 ഒക്ടോബർ 11 ന് ഇടപ്പള്ളിയിലാണ് കവിയുടെ ജനനം.പാറുക്കുട്ടിയമ്മയുടെയും വക്കീൽ ഗുമസ്തനായിരുന്ന മട്ടാഞ്ചേരി തെക്കേടത്ത് നാരായണ മേനോന്റെയും മൂന്ന മക്കളിൽ ഒരാൾ.ഒമ്പതാം വയസ്സിൽ കവിത കുറിക്കാൻ തുടങ്ങി. 'പൗരസ്ത്യദൂതൻ' എന്ന മാസികയിൽ ആദ്യകവിത അച്ചടിച്ചു വന്നു. 1934 ൽ 'ബാഷ്പാഞ്ജലി' എന്ന പേരിൽ ആദ്യകൃതി പുറത്തുവന്നു. എറണാകുളം മഹാരാജാസ് കോളേജിലെത്തുന്നതിനു മുമ്പുതന്നെ കവിയെന്ന നിലയിൽ പ്രസിദ്ധനുമായിരുന്നു. ഇടപ്പള്ളി രാഘവൻപ്പിള്ളയുടെ മരണമാണ് 'രമണൻ' എന്ന വിശ്രുത കാവ്യത്തിനാധാരമെന്ന് പറയപ്പെടുന്നു. മലയാളത്തിലെ മഹാത്ഭുതമായി മാറി ആ കൃതി. പൂനെ മിലിട്ടറി അക്കൗണ്ട്സ് വിഭാഗത്തിലും പിന്നീട് കൊച്ചിയിലും,മദിരാശിയിലുമെല്ലാം ജോലി നോക്കി. തൃശ്ശൂരിൽ മംഗളോദയം മാസികയുടെ പത്രാധിപനായി.*

*ആ പൂങ്കോകിലത്തിന്റെ സ്വരരാഗം മൂന്നു പതിറ്റാണ്ടു മാത്രമേ മുഴങ്ങിയുള്ളൂ. മുപ്പത്തിയാറാമത്തെ വയസ്സിൽ ആ ശബ്ദം നിലച്ചു. ഉണ്ണനും, കുഞ്ചനും,ആശാനും, വള്ളത്തോളും സമ്പന്നമാക്കിയ കവിതയുടെ ദീപസ്തംഭങ്ങളെ തഴുകിയെത്തുന്ന ഇളംകാറ്റ് ഇടപ്പള്ളിയിലെ സ്പന്ദിക്കുന്ന അസ്ഥിമാടത്തിൽ ഒരു നിമിഷം നിശ്ചലമാവും. അവിടെ മലയാളിയെ കവിതയുടെ പുതിയ ലോകത്തേക്ക് എടുത്തുയർത്തിയ കവി അന്ത്യ വിശ്രമം കൊള്ളുന്നു.*

# ദേശീയ പതാക

*– അഞ്ജന . കെ VIII I*

*ഇന്ത്യൻ ദേശീയ പതാകയുടെ ചിത്രം 1906 -ൽ ആരംഭിക്കുന്നു.ആദ്യത്തെ ദേശീയ പതാക ആ വർഷം ആഗസ്റ്റ് ആറിന് കൽക്കട്ടയിൽ പാർസി ബാഗൻ സ്ക്വയറിൽ {ഗ്രീൻ പാർക്ക്} ഉയർത്തിയെന്ന് വിശ്വസിക്കുന്നു. വിലങ്ങനെ മുകളിൽ പച്ച,നടുവിൽ മഞ്ഞ,താഴെ ചുവപ്പ് എന്നിങ്ങനെയായിരുന്നു നിറങ്ങൾ.മുകളിൽ പച്ചയിൽ ഒരേ വരിയിൽ എട്ട് താമരപ്പൂക്കൾ ,നടുവിൽ മഞ്ഞയിൽ നീല*

*നിറത്തിൽ 'വന്ദേമാതരം' എന്ന ഹിന്ദിയിൽ .ഏറ്റവും താഴെ ചുവപ്പിൽ ഇടതുവശത്ത് സൂര്യൻ വലതുവശത്ത് ചന്ദ്രക്കലയും നക്ഷത്രവും .രണ്ടാമത്തെ പതാക 1907 ഓഗസ്റ്റ് 22 ന് ജർമനിയിൽ സ്റ്റട്ഗർട്ടിൽ ചേർന്ന ഇന്റർ നാഷണൽ കോൺഗ്രസ്സിൽ മാഡം ബിക്കാജിഗാമയും പുറപ്പെട്ട മറ്റ് വിപ്ലവകാരികളും ഉയർത്തിയതാണ്.*

*ഡോ.ആനീബസന്റും ലോകമാന്യ തിലകും 1917-ൽ ഹോംറൂൾ പ്രക്ഷോപണകാലത്ത് ഉയർത്തിയതാണ് അടുത്ത പതാക.*

*അഞ്ചു ചുവന്ന പാളികൾ ,നാല് പച്ച പാളികൾ ,ഏഴ് നക്ഷത്രങ്ങൾ .വലതു വശത്ത് മുകളിൽ ചന്ദ്രക്കലയും നക്ഷത്രവും വെള്ളനിറത്തിൽ ഇടത്തെയറ്റത്തും മുകളിൽ ബ്രിട്ടീഷ് പതാക{യൂണിയൻ ജാക്ക്} അടുത്തത് 1921-ൽ ഗാന്ധിജി അംഗീകരിച്ച പതാകയാണ്:വെള്ള,പച്ച,ചുവപ്പ് പാളികൾ മൂന്നു പാളികളിലേക്കും നീണ്ടുപോകുന്ന നീല നിറത്തിലുള്ള ചർക്ക.ബസവാഡയിൽ{ഇപ്പോൾ വിജയവാഡ}1921-ൽ ചേർന്ന ഓൾ ഇന്ത്യ കോൺഗ്രസ്സ് കമ്മറ്റിയുടെ സമയത്താണ് ഈ പതാക രൂപം കൊണ്ടത് . കോൺഗ്രസ്സ് യോഗങ്ങളിൽ ഈ പതാക ഉപയോഗിക്കാനും തുടങ്ങി.*

*മൂന്ന് നിറത്തിലുള്ള പതാക സ്വീകരിച്ചു കൊണ്ട് 1931-ൽ കോൺഗ്രസ്സ് പ്രമേയം പാസ്സാക്കി .ഈ നിറങ്ങൾക്കു വർഗീയമായ പ്രാധാന്യമൊന്നും ഇല്ലെന്നും നിറങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത് ഊത നിറം -ധൈര്യം ,ത്യാഗം ;വെള്ളനിറം-സത്യം ,സമാധാനം ;കടുത്ത പച്ചനിറം -വിശ്വാസം ,ധീരോദാത്തത.നടുവിൽ നീല നിറത്തിൽ ചർക്ക.മൂന്ന് -രണ്ട് എന്ന അനുപാതത്തിൽ നീളവും വീതിയും. പിന്നീട് ചെറിയ മാറ്റം വരുത്തി നടുവിൽ ചർക്കയ്ക്ക് പകരം അശോക ചക്രമാക്കി .ചർക്ക ഉൾകൊള്ളുന്നവെള്ളപാളിയുടെ വ്യാസത്തിന്റെയത്ര വലിപ്പമുണ്ടായിരിക്കണം ചക്രത്തിന് .നിറം നീല തന്നെ .1947 ജൂലൈ 22-ന് ഈ പതാക ഇന്ത്യയുടെ ദേശീയ പതാകയായി നിയമ നിർമ്മാണ സഭ അംഗീകരിച്ചു ജവഹർലാൽ നെഹ്റുവായിരുന്ന പ്രമേയം അവതരിപ്പിച്ചത് അശോക ചക്രം ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തിന്റെയും ധർമ്മത്തിന്റെയും പ്രതീകമാണ് ചക്രം ഇന്ത്യയുടെ  ചലനത്തെ കാണിക്കുന്നു,അങ്ങനെ പുരോഗതിയെയും..........*

# ചൊല്ലുകൾ

* **അശ്വതിയിലിട്ട വിത്തും ഭരണിയിലിട്ട മാങ്ങയും**

*- രണ്ടും കേടുവരില്ലെന്നർഥം . അശ്വതി നക്ഷത്രത്തിൽ വിത്തു വിതയ്ക്കാം . ഭരണിയിൽ ( മൺപാത്രം ) സൂക്ഷിക്കുക മാങ്ങകേടുവരില്ല .*

* **ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും**

*- ഞാറു നടുന്നത് തെറ്റിയാൽ വിളവുണ്ടാകില്ല . പിന്നെ പട്ടിണിയാകും .*

* **തൊഴുതുണ്ണുന്ന ചോറിനേക്കാൾ ഉഴുതുണ്ണുന്ന ചോറ്**

*- മറ്റുള്ളവരെ ആശ്രയിച്ച് കഴിയുന്നതിനേക്കാൾ അധ്വാനിച്ച് ഉണ്ണുന്നതാണ് നല്ലത്.*

* **മരമറിഞ്ഞു കൊടിയിടണം**

*- വെറ്റിലക്കൊടി പടർന്നുയരുന്നതിന് പറ്റിയ മരം തന്നെ തിരഞ്ഞെടുക്കണം*

* **വിളഞ്ഞ കണ്ടത്തിലേക്കു വെള്ളം തിരിക്കേണ്ട**

*- വയലിൽ വെള്ളം തിരിക്കുന്ന രീതി നെല്ല് വിളഞ്ഞു കഴിഞ്ഞാൽ പിന്നെ ആവശ്യമില്ല . അറിവുള്ളവരെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ല .*

* **വിത്തുഗുണം പത്തുഗുണം .**

*- വിത്തു നല്ലതാണെങ്കിൽ പത്തിരട്ടി വിളവുണ്ടാകും . മാതാപിതാക്കളുടെ ഗുണം മക്കളിൽ പ്രകടമാവും .*

* **എകർന്ന കണ്ടത്തിലേക്ക് നീരോടുകയില്ല .**

*- താഴേക്കണ്ടത്തിൽ നിന്ന് കണ്ടത്തിലേക്കു ഒഴുകുകയില്ല വിനയവും താഴ്മയുമാണ് വേണ്ടത്.*

* **അമരത്തടത്തിൽ തവള കരയണം**

*- തവള കരഞ്ഞാൽ മഴ പെയ്യുമെന്ന വിശ്വാസം .അമരത്തടത്തിൽ വെള്ളം കെട്ടി നിൽക്കണമെന്നർഥം.*

* **ഒരേറു ചൊല്ലി പതിറ്റേറുമുടക്കരുത്**

*- പാടത്ത് ഉഴുമ്പോൾ മുന്നിൽ പോകുന്ന കാളനിന്നുപോയാൽ പിന്നാലെ വരുന്ന കാളകളെല്ലാം നിന്നുപോകും . നേതാക്കന്മാർ മടികാണിച്ചാൽ അണികളും നിർത്തുമെന്നർഥം .*

# മണ്ണും മലയാളിയും

– ഹിബ . കെ IX E

*'മണ്ണും മലയാളിയും' സമകാലിക പ്രസക്തിയുള്ള വിഷയമാണ്. ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയും ജോലി തേടിയും നഗരങ്ങളിലേക്ക് പാലായനം ചെയ്യാനുള്ള ആവേശം മലയാളിയുടെ മുഖമുദ്രയായിരിക്കുന്ന ഒരു കാലത്താണ് ഇന്ന് നമ്മൾ ജീവിക്കുന്നത്. മണ്ണിനോടും,പ്രകൃതിയോടുംഒത്തിണങ്ങി ജീവിക്കുന്നതിൽ ആഹ്ലാദംകണ്ടെത്തിയിരുന്ന നാം ഇന്ന് നാഗരിക തിരക്കിലും കൃത്രിമാഹ്ലാദങ്ങളിലും മതിപ്പ് കണ്ടെത്തിയിരിക്കുന്നു.നമ്മുടെ നിലനിൽപ്പിന്റെ കേന്ദ്രം മണ്ണാണെന്ന കാര്യം നാം മറന്ന് കളിക്കുന്നു.നാട്ടിൻ പുറത്തു നിന്ന് നഗരത്തിലേക്കുള്ള ഈ ചേക്കേറ്റം പ്രകൃതിയോടുള്ള ജീവിതശൈലിയിൽ നിന്നുമുള്ള ഒഴിഞ്ഞുപോക്കാണെന്നറിഞ്ഞിട്ടുകൂടി അത്ര ഗൗരവമായി എടുക്കുന്നില്ല.*

*മണ്ണാണ് സംസ്കാരത്തിന്റെ അടിസ്ഥാനം എന്ന് ചിന്തകർ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ആധുനിക സാങ്കേതികവിദ്യ പകർന്നുതരുന്ന സുഖസൗകര്യങ്ങളിൽ കഴിയുന്ന പുതുതലമുറ അവരുടെ പ്രവൃത്തി വരുത്തിവയ്ക്കുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ചിന്തിക്കുന്നേയില്ല.*

*ഒരു പക്ഷെ നമ്മുടെ പ്രവൃത്തിയുടെ ഹിതത്തിലൂടെ മണ്ണിന്റെ മഹത്വം മനസ്സിലാവുമ്പോഴേക്കും നാം അവസാനിച്ചേക്കാം. അങ്ങനെയാകാതിരിക്കാനായി നാം പ്രകൃതിയോട് മാപ്പു പറയാം, എങ്ങനെ?. ഭൂമിയെ അമ്മയായി,ദേവതയായി കരുതി ജീവിച്ചിരുന്ന പൂർവികരുടെ ജീവിതശൈലികൾ പിൻതുടരാം,മണ്ണിനെ സ്നേഹം കൊണ്ട് മൂടാം. ഒരു നല്ല നാളേക്കായി നമ്മുടെ കൈകൾ ചലിപ്പിക്കാം. മണ്ണാകട്ടെ നമ്മുടെ ജീവിതം. മണ്ണിനു വേണ്ടിയാവട്ടെ നമ്മുടെ ഓരോ ഹൃദയമിടിപ്പും.*



# നാടൻ കലകൾ

## ഓണപ്പൊട്ടൻ

ഓണക്കാലത്ത് സങ്കൽപ്പത്തിലുള്ള നാട്ടുദൈവമാണ് ഓണപ്പൊട്ടൻ. കടത്തനാട് പ്രദേശത്ത് ഇന്നും സജീവമായി പ്രചാരത്തിലുണ്ട്. ഓണപ്പൊട്ടൻ ചിങ്ങത്തിലെ ഉത്രാടം,തിരുവോണ ദിവസങ്ങളിൽ വീടുകളിലെത്തുന്ന പതിവുണ്ട്. തിറ കെട്ടിയാടുന്ന ആഞ്ഞൂറ്റാൻ, മൂന്നൂറ്റാൻ വിഭാഗത്തിൽപ്പെട്ടവർ തങ്ങൾക്ക് ജന്മാവകാശമായി കിട്ടിയദേശത്ത് വേഷം കെട്ടി വീടുകൾ സന്ദർശിക്കും .വീട്ടുകാർ അവരെ സ്വീകരിച്ച് അരിയോ പണമോ നൽകും. ചുവപ്പുടുത്ത് മുടിയും താടിയും മറ്റ് ചമയങ്ങളും ധരിച്ച് കിരീടം വെച്ച ഓണപ്പൊട്ടന്റെ ഇടതുകൈയിൽ ഓലക്കുടയും വലതു കൈയിൽ മണിയും ഉണ്ടാകും.



## പടയണി



മധ്യതിരുവിതാംകൂറിൽ പ്രചാരത്തിലുള്ള അനുഷ്ഠാന രൂപമാണ് പടയണി .ഭദ്രകാളി ക്ഷേത്രങ്ങളിലാണ് പൊതുവേ ഇത് കണ്ടു വരുന്നത് .ദാരികനെ വധിച്ചിട്ടും കോപം മാറാത്ത കാളിയെ ശാന്തയാക്കാൻ ശ്രീപരമേശ്വരനും ദേവന്മാരും കോലം കെട്ടി തുള്ളിയതിന്റെ സ്മരണയത്രെ ഇത്. പടയണിയുള്ള വിവരം പ്രദേശവാസികളെ തപ്പുകൊട്ടി അറിയിക്കുന്ന കാച്ചിക്കെട്ട്, മരത്തുപ്പൂക്കളും വെള്ളത്തോർത്തുകളും വീശിക്കൊണ്ട് ആർത്തുവിളിച്ച് താളം ചവിട്ടുന്ന കാപ്പൊലി , കൈമണിയുമായി താളം തുള്ളുന്ന കാവടിതുള്ളൽ, ഇതിനെ ഹാസ്യാത്മകമായി

അനുകരിക്കുന്ന പന്നത്താവടി ഇങ്ങനെ ഒട്ടേറെ ചടങ്ങുകൾ പടയണിയിലുണ്ട്.

## അയ്യപ്പൻ തീയാട്ട്



**അ**യ്യപ്പനെ പ്രസാദിപ്പിക്കാൻ അയ്യപ്പൻ കാവുകളിലും മറ്റും തീയ്യാടി നമ്പ്യാന്മാർ നടത്തുന്ന അനുഷ്ഠാനം . ഉത്തര കേരളത്തിലും മധ്യകേരളത്തിലും കാണപ്പെടുന്നു . ചിലയിടങ്ങളിൽ ' അയ്യപ്പൻ കുത്തെ ' ന്നും ' അയ്യപ്പൻ പാട്ടെ 'ന്നും അറിയപ്പെടുന്നു .

## ഒപ്പന



മലബാറിലെ മുസ്ലീങ്ങൾ വിവാഹം പോലുള്ള വിശേഷാവസരങ്ങളിൽ അവതരിപ്പിച്ചു വരുന്ന കലാരൂപം . അരനൂറ്റാണ്ട് മുമ്പ് ഒപ്പന സംഘങ്ങൾ കല്യാണപ്പാട്ടുക്കാർ , വട്ടപ്പാട്ടുക്കാർ എന്നീ പേരുകളിലാണ് അറിയപ്പെട്ടത്. പിന്നീട് അവരുടെ ഇശലിന്റെ പേരായ 'ഒപ്പന ' കലാരൂപത്തിന്റെ പേരായി മാറുകയാണുണ്ടായത് . സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം ഒപ്പനകളാണുള്ളത്.

## നിണബലി



ബാധോച്ചാടനപരമായ ബലികർമ്മമാണ് ഇത്. ചുണ്ണാമ്പും മഞ്ഞളും ചേർന്ന് രൂപത്തിലാക്കിയ അരിചാന്ത് ശരീരത്തിൽ തേച്ച് നെന്മണിയോ മലരോ അതിനുമീതെ പിടിപ്പിച്ച് കുരുത്തോല ഉടുപ്പിട്ട് മാന്ത്രികൻ ചെണ്ടയുടെ താളത്തിനൊത്ത് നൃത്തം ചെയ്യുന്നതാണ് രീതി . കോഴിയെ അറുത്തുള്ള രക്തതർപ്പണവും ഇതിന്റെ ഭാഗമാണ്. വണ്ണാൻ , മലയൻ തുടങ്ങിയ സമുദായങ്ങളാണ് ഇതനുഷ്ഠിക്കുന്നത്.



## കളരിപ്പയറ്റ്

പ്രാചീന കാലം മുതൽ കേരളത്തിൽ പ്രചാരത്തിലുള്ള ആയോധനകലയാണ് കളരിപ്പയറ്റ്.
പ്രാദേശിക ദേശങ്ങളും അതനുസരിച്ചുള്ള വ്യത്യസ്ത സമ്പ്രദായങ്ങളും ഇതിനുണ്ട്.
അറപ്പക്കയ്യ്, പിള്ളതാങ്ങി വട്ടേൻതിരിപ്പ്, വല്ലഭട്ട, ഒടിമുറിശ്ശേരി, ദ്രോണമ്പള്ളി, കന്നടിയ, മോതച്ചെടി തുടങ്ങിയവ ചില സമ്പ്രദായ വ്യത്യാസങ്ങളാണ്.
മെയ്ത്താരി, കോൽത്താരി, വെറുംകൈ എന്നിങ്ങനെ നാല് ഘട്ടങ്ങളാണ് ഉള്ളത്.

## കണ്യാർക്കളി



പാലക്കാട് ജില്ലയിലും തൊട്ടടുത്ത പ്രദേശങ്ങളിലും പ്രചാരത്തിലുള്ള അനുഷ്ഠാന കല.
'കണ്ണകിയാൽ കളി' എന്നത് ലോപിച്ച് കണ്യാർകളിയായി മാറിയതാണത്രെ
ഭഗവതി ക്ഷേത്രങ്ങളിൽ പ്രത്യേകം തയ്യാറാക്കിയ പന്തലുകളാണ് അരങ്ങേറുന്നത്.
വിതയുടെ ആരംഭത്തിലും മറ്റു വിശേഷങ്ങളിലുമാണ് കണ്യാർകളി അവതരിപ്പിക്കുന്നത്.
നായന്മാരോ തുല്യസമുദായ പദവിയിലുള്ളവരോ ആണ് പങ്കെടുക്കുന്നവർ. പന്തൽ പ്രവേശം ദീപപ്രദക്ഷിണ വട്ടക്കളി എന്നിവയാണ് ആദ്യഭാഗം.



## *അലാമിക്കളി*

*കാസർകോട് ജില്ലയിലെ ചില പ്രദേശങ്ങളിലും കർണാടകയിലെ മംഗലാപുരത്തു*

നിലനിന്നിരുന്ന അലാമിക്കളി . ഹിന്ദു -മുസ്ലിം മത സൗഹാർദം വിളിച്ചോതുന്ന കലാരൂപം കൂടിയാണ് ഇത് . മുസ്ലിം ചരിത്രത്തിലെ പ്രധാന അദ്ധ്യായമായ കർബല യുദ്ധത്തിന്റെ അനുസ്മരണാർത്ഥമാണ് മുസ്ലിങ്ങൾ മുഹറം ആഘോഷിക്കുന്നത് .
ഈ സ്മരണ തന്നെയാണ് അലാമിക്കളിയിലും കാണാനാവുന്നത് .
അലാമി വേഷം ധരിച്ച് ചടങ്ങിനെ വർണാഭമാക്കുന്നത് ഹിന്ദുക്കളാണ് .
*ചടങ്ങുകളുടെ കാർമികത്വം വഹിക്കുന്നത് മുസ്ലിം പ്രമാണിമാരും .*

## *കളമെഴുത്ത്*



*കാവുകളിലും ക്ഷേത്രങ്ങളിലും വീടുകളിലും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചവർണ്ണ*
*പ്പൊടി കൊണ്ട് ചിത്രീകരിക്കുന്ന രൂപമാണ് കളം .*
*ഭദ്രകാളിക്കളം അയ്യപ്പൻകളം ,നാഗക്കളം ,*
*ചുടലക്കളം വേട്ടയ്ക്കൊരു മകൻ കളം , യക്ഷിക്കളം തുടങ്ങി പലതരം കളങ്ങളുണ്ട്. കളമെഴുത്ത്,*
*മുടിയേറ്റ് ,പാനാത്തിയാട്ട് എന്നിവയുമായി ബന്ധപ്പെട്ടാണ് ഭദ്രകാളിക്കളം മുഖ്യമായും ചിത്രീകരിക്കുന്നത് .*

# പഴഞ്ചൊല്ലുകൾ

- പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല
- ഇരിക്കുന്നതിനു മുമ്പ് കാലു നീട്ടരുത്
- അടി തെറ്റിയാൽ ആനയും വീഴും
- ചേറ്റിൽ കുത്തിയ കൈ ചോറ്റിൽ കുത്താം
- വിത്താഴം ചെന്നാൽ പത്തായം നിറയും
- മുളയിലറിയാം വിള
- ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാൻ പറ്റില്ല
- കുറ്റൻ മരവും കാറ്റത്തിളകും
- മിന്നുന്നതെല്ലാം പൊന്നല്ല
- ആന വായിൽ അമ്പഴങ്ങ
- നല്ലവന് നാട് ബന്ധു
- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- മുല്ലപ്പൂമ്പൊടിയേറ്റ് കിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം
- അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല
- അണ്ണാൻ മൂത്താലും മരം കേറ്റം മറക്കുമോ
- അണ്ണാൻ കുഞ്ഞിനും തന്നാലായത്
- അരിയും തിന്നും ആശാരിച്ചിയേം കടിച്ചിട്ട് പിന്നേം നായയ്ക്ക് മുറുമുറുപ്പ്
- അരിയെറിഞ്ഞാൽ ആയിരം കാക്ക
- ആടറിയുമോ അങ്ങാടിവാണിഭം
- ആടു കിടന്നിടത്ത് പൂട പോലുമില്ല
- ആന കൊടുത്താലും ആശ കൊടുക്കരുത്
- ആന വാ പൊളിക്കുന്നത് കണ്ടിട്ട് അണ്ണാൻ വാ പൊളിച്ചാൽ കാര്യമില്ല
- ആലിൻ പഴം പഴുത്തപ്പോൾ കാക്കയ്ക്ക് വായപ്പുണ്ണ്
- ആളു കൂടിയാൽ പാമ്പ് ചാവില്ല
- ഏട്ടിലെ പശു പുല്ല് തിന്നുമോ
- ഒരു വെടിക്ക് രണ്ട് പക്ഷി
- ഓടുന്ന പട്ടിക്ക് ഒരു മുഴം മുൻപേ
- കടുവയുടെ കയ്യിൽ കുടൽ കഴുകാൻ കൊടുക്കുക
- കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ

# രണ്ടു മത്സ്യങ്ങൾ

- രഞ്ചിമ . എ VIII N

*പ്രശസ്ത കഥാകൃത്ത് അംബികാസുതൻ മങ്ങാടിന്റെ രണ്ട് മത്സ്യങ്ങൾ എന്ന കഥയാണ് വായിച്ചാസ്വദിച്ചത്. കവ്വായിക്കായലിൽ ശ്ലലാപ്പ് കാവിലേക്ക് മുട്ടയിടാനായി യാത്ര പോവുന്ന രണ്ട് നെടും ചൂരി മത്സ്യങ്ങളുടെ കഥയാണിത്. അഴകനും, പൂവാലിയും, പിന്നെ ഒരു തവളയുമാണ് ഈകഥയിലെ പ്രധാന കഥാപാത്രങ്ങൾ ആ യാത്രക്കിടയിലുണ്ടാവുന്ന പ്രയാസങ്ങൾ പുതിയ കാലത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ പ്രകൃതിയിൽ മനുഷ്യനേൽപ്പിക്കുന്ന മുറിവുകൾ മത്സ്യങ്ങളുടെ യാത്രയിലുടനീളം കാണാം. മഴയുടെ കുറവ് മീൻ വേട്ടക്കാർ കാവിന്റെയും പുഴകളുടെയും നാശം തുടങ്ങി മനുഷ്യവംശത്തെ അപകടത്തിലാക്കുന്ന ഘടകങ്ങളെല്ലാം ഇതിൽ കാണാൻ സാധിക്കും.*

*കവ്വായിക്കായലിലെ ഉപ്പുവെള്ളത്തിൽ മുട്ടയിട്ടാൽ മുട്ട ചീഞ്ഞുപോവും, അതുകൊണ്ട് മുട്ടയിട്ട് പുതുജീവന് കളിരണിയാൻ വേണ്ടി കവ്വായിക്കായലിൽ നിന്നും ശ്ലലാപ്പ്കാവിലെത്തണം എന്നാൽ മഴ ലഭിക്കാത്തത് മീനുകളുടെ യാത്രക്ക് ഒരു തടസ്സമായി നിന്നു. അഴകനും പൂവാലിയും മഴ പെയ്യാൻ വേണ്ടി ആകാശ ദേവനോടും ശ്ലലാപ്പ് ദേവിയോടും മനമുരുകി പ്രാർഥിക്കുകയും ഒടുവിൽ മഴപെയ്ത് അഴകനും, പൂവാലിയും മുട്ടയിടാനായി ശ്ലലാപ്പ്കാവിലേക്ക് യാത്ര പുറപ്പെട്ടു എന്നാൽ യാത്രയിലുടനീളം മത്സ്യങ്ങൾക്ക് ധാരാളം പ്രതിസന്ധികൾ നേരിടേണ്ടി വന്നു. അതിനാൽ യാത്രയിലുടനീളം അഴകനും പൂവാലിയും വളരെ ജാഗ്രതയോടെയാണ് നീങ്ങിയത്. എന്നാൽ ധാരാളം നെടും ചൂരി മത്സ്യങ്ങളെ ക്രൂരരായ മനുഷ്യർ ഒരു ചൂണ്ടയിൽ കോർത്തിട്ട കാഴ്ചയാണ്*
*രണ്ട് മത്സ്യങ്ങൾക്ക് കാണേണ്ടിവന്നത്. രണ്ട് മത്സ്യങ്ങളെയും കുന്തങ്ങൾ കുത്തിയിറക്കി മനുഷ്യർ പിടിക്കാൻ ശ്രമിച്ചെങ്കിലും മത്സ്യങ്ങൾ അതിസാഹസികമായി രക്ഷപ്പെട്ട് ഒരു തവളയുടെ സമീപം എത്തിച്ചേർന്നു. ബുദ്ധസ്പർശനമേറ്റ് ചിരഞ്ജീവിയായി തീർന്ന തവളയാണ് പുതിയ ദർശനങ്ങളിലേക്ക് മത്സ്യങ്ങളെ നയിക്കുന്നത്. ശ്ലലാപ്പ്കാവിൽ ജനിച്ച് വളർന്ന തവളയോടൊപ്പം ഭൂമിയുടെ ചോരപോലെ മെലിഞ്ഞൊഴുകുന്ന നീർച്ചാലിലൂടെയാണ് മീനുകൾ നീന്തി കാവിലെത്തിയത്. എന്നാൽ അവിടെ കണ്ട കാഴ്ച തവളയ്ക്ക് വിശ്വസിക്കാൻ ആവാത്തതായിരുന്നു. കടാൽ നിറഞ്ഞുനിന്നിരുന്ന കാവിൽ അവശേഷിച്ചിരുന്നത് നാലഞ്ചുമരങ്ങൾ മാത്രമായിരുന്നു. ജലാശയം നികത്തി മാർബിളിൽ മനോഹരമായ സൗധം പണിഞ്ഞിരിക്കുന്നു. കാവ് പകുതി കത്തിയെരിഞ്ഞിരിക്കുന്നു. എല്ലാം മനുഷ്യകരങ്ങൾ നശിപ്പിച്ച് കഴിഞ്ഞിരിക്കുന്നു. എന്നിട്ടവർ അതിനെ വികസനം എന്ന പേരിട്ടു വിളിക്കുന്നു. ആ ദുരന്തത്തിനു ദൃക്സാക്ഷിയായ കിളിമകളോട് ഈ ദുരന്തത്തെക്കുറിച്ച് ഉലകത്തിലെല്ലാവരോടും നീ പാടിയറിയിക്കണം എന്നുപദേശിച്ചുകൊണ്ട് തവള എന്നന്നേക്കുമായി മിഴികളടക്കുന്നു. അഴകനും പൂവാലിയും പ്രത്യാശ കൈവിടാതെ ജീവനെ കളിരണിയിക്കാനുള്ള പുതിയൊരിടം തേടി യാത്ര തിരിക്കുന്നു.*

# ശ്രേഷ്ഠം ഈ അക്കങ്ങൾ

***-സൈനുൽ ആഷിഖ് IX K***

ആയിരത്തി അഞ്ഞൂറുമുതൽ രണ്ടായിരത്തിലധികം വർഷം വരെ പഴക്കമുള്ള ഭാഷകളെയാണ് ശ്രേഷ്ഠഭാഷയായി പരിഗണിക്കുന്നത്.

ഇന്ത്യയിൽ നേരത്തെ നാലു ഭാഷകൾക്കായിരുന്നു ശ്രേഷ്ഠഭാഷാ പദവി ലഭിച്ചിരുന്നത്.തമിഴ്,സംസ്കൃതം,കന്നട,തെലുങ്ക് ഭാഷകളായിരുന്നു അവ. കഴിഞ്ഞ മെയ് 23 ന് നമ്മുടെ മലയാളത്തിനും കേന്ദ്രസർക്കാർ ശ്രേഷ്ഠഭാഷാ പദവി നൽകി. കേന്ദ്ര സാഹിത്യ അക്കാദമി പ്രസിഡന്റായ വിശ്വനാഥ് തിവാരി അധ്യക്ഷനായ ഭാഷാ വിധഗ്ധ സമിതിയാണ് മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവി നൽകണമെന്ന് കേന്ദ്രസർക്കാറിനോട് ശുപാർശ ചെയ്തത്. മലയാളത്തിന് രണ്ടായിരം വർഷത്തിലധികം പഴക്കമുള്ളതായും സമിതി കണ്ടെത്തിയിട്ടുണ്ട് .

ശ്രേഷ്ഠഭാഷ പദവി നേടിയ മലയാളത്തിന് സ്വന്തമായി അക്ഷരമാലയുണ്ട്.എന്നാൽ നമ്മുടെ മഹത്തായ ഈ ഭാഷക്ക് അക്ഷരമാല മാത്രമല്ല സ്വന്തമായി അക്കങ്ങളും ഉണ്ടായിരുന്നു.നമ്മുടെ സമൂഹത്തിലും സംസ്കാരത്തിലുമെന്നതുപോലെ ഭാഷയിലും കടന്നുവന്ന അധിനിവേഷം നമ്മുടെ അക്കങ്ങളെയും വിഴുങ്ങിക്കളഞ്ഞു. മലയാള അക്കങ്ങൾ ഉപയോഗിച്ചിരുന്ന നാം ഇന്ന് ഉപയോഗിക്കുന്നത് ഇന്തോ-അറബ് അക്കങ്ങളാണ് .ഏഴാം നൂറ്റാണ്ട് മുതലാണ് ഈ അക്കങ്ങൾ നമ്മൾ പിന്തുടരാൻ തുടങ്ങിയത്.ഇതിനു മുമ്പ് റോമൻ അക്കങ്ങളായിരുന്നു വ്യാപകമായി ഉപയോഗിച്ചിരുന്നത്.എന്നാൽ റോമൻ അക്കങ്ങളെ ക്രിയ ചെയ്യാൻ ഉപയോഗിച്ചിരുന്നില്ല.ഈ രണ്ട് അക്കങ്ങളും വന്നതോടെ നമുക്ക് മാത്രം സ്വന്തമായിരുന്ന മലയാളം അക്കങ്ങൾ വിസ്മൃതിയിലായി.

ജാതകങ്ങളിലും പഴയ കലണ്ടർ താളുകളിലും കൈയ്യെഴുത്തുപ്രതിയായ ആധാരങ്ങളിലും ഇന്നും ഈ അക്കങ്ങൾ കാണാം .

***<u>മലയാളം അക്കങ്ങൾ</u>***

| ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൰ |
|---|---|---|---|---|---|---|---|---|---|
| ഒന്ന് | രണ്ട് | മൂന്ന് | നാല് | അഞ്ച് | ആറ് | ഏഴ് | എട്ട് | ഒമ്പത് | പത്ത് |

# സിൻഡ്രല്ല

-പവിത്ര VIII M

പണ്ട് പണ്ട് ഒരിടത്ത് സിൻഡ്രല എന്ന സുന്ദരിയായ ഒരു പെൺകുട്ടിയുണ്ടായിരുന്നു.അച്ഛനോടും രണ്ടാമ്മയോടുമൊപ്പമായിരുന്നു അവളുടെതാമസം. രണ്ടാനമ്മയ്ക്ക് രണ്ടു പെൺകുട്ടികൾ ഉണ്ടായിരുന്നു. സിൻഡ്രലയെ രണ്ടാനമയ്ക്കും മക്കൾക്കും ഇഷ്ടമല്ലായിരുന്നു. പാവം സിൻഡ്രലയാണ് വീട്ട് ജോലികളെല്ലാം ചെയ്തിരുന്നത്.

ഒരിക്കൽ നാട്ടിൽ ഉള്ളവരെയെല്ലാം കൊട്ടാരത്തിലേക്ക് വിരുന്നിനുഷണിച്ചു.വിരുന്നിൽ പങ്കെടുക്കുന്ന ഏറ്റവും സുന്ദരിയായ പെൺകുട്ടിയെ രാജകുമാരൻ വിവാഹം കഴിക്കുമെന്ന് രാജാവ് വിളംബരം ചെയ്തു. വിരുന്നിന്റെ ദിവസം സിൻഡ്രലയെ കൂട്ടാതെ രണ്ടാനമ്മയും മക്കളും കൊട്ടാരത്തിലേക്ക് പോയി.സിൻഡ്രലയ്ക്ക് സങ്കടം സഹിച്ചില്ല. പെട്ടെന്ന് ഒരുദേവദ പ്രത്യക്ഷപ്പെട്ടു!. നിന്നെ ഞാൻ കൊട്ടാരത്തിലേക്കെത്തിക്കാം. ദേവധ കൈയിലുണ്ടായിരുന്ന മന്ത്രവടി സിൻഡ്രലയ്ക്കു നേരേ നീട്ടി. പെട്ടെന്ന് സിൻഡ്രലയുടെ ഉടുപ്പ് പട്ടുടുപ്പായും അവളുടെ കാലിലെ ചെരുപ്പ് അതിമനോഹരമായ ചില്ല് ചെരുപ്പായും മാറി അതുകൊണ്ട് അവൾക്ക് സന്തോഷമായി. ഒരു മത്തങ്ങയും കുറേ എലികളേയും കൊണ്ടു വരു ദേവധ പറഞ്ഞു. സിൻഡ്രല അതുപോലെ ചെയ്തു. മത്തങ്ങ ഒരു വണ്ടിയായും എലികൾ കുതിരകളായും മാറി അതുകൊണ്ട് അവൾക്ക് സന്തോഷമായി. പക്ഷേ രാത്രി പന്ത്രണ്ട് മണിക്ക് മുമ്പ് തിരിച്ചെത്തണം ഇല്ലെങ്കിൽ എല്ലാം പഴയപോലെയാകും. അവൾ വേഗം വണ്ടിയിൽ കയറി കൊട്ടാരത്തിലേക്ക് പോയി. രാജകുമാരന് അവളെ ഇഷ്ടമായി രാത്രി വരെ അവർ നൃത്തം ചെയ്തു കൊണ്ടേയിരുന്നു. ക്ലോക്കിൽ 12 മണി അടിച്ചതോടെ അവൾ കൊട്ടാരത്തിൽ നിന്ന് പുറത്തേക്ക് ഇറങ്ങി പോയി. ഓടിയപ്പോൾ ഒരു ചെരുപ്പ് ഊരിപ്പോയി.എല്ലാതും പഴയപോലെയായി രാജകുമാരൻ പറഞ്ഞു. ആ സുന്ദരിയെ കണ്ട് പിടക്കു.പിറ്റേ ദിവസം എല്ലാവീടുകളിലും കയറി പെൺക്കുട്ടികളോട് ആ ചെരുപ്പുദരിക്കാൻ പറഞ്ഞു. പക്ഷെ ആ ചെരുപ്പ് ആർക്കും പാകമായില്ല. ഒടുവിൽ സിൻഡ്രലയുടെ വീട്ടിൽ എത്തി. രണ്ടാനമ്മയുടെ രണ്ട് മക്കളും അത് ധരിച്ചു നോക്കി അവർക്ക് അത് പാകമായില്ല. അപ്പോളാണ് സിൻഡ്രലയെ കണ്ടത്. രാജകുമാരൻ ആ ചെരുപ്പ് അവൾക്ക് നേരെ നീട്ടി. പെട്ടെന്ന് സിൻഡ്രലയുടെ മറ്റേ കാലിൽ ചെരുപ്പിന്റെ മറ്റൊരു ജോടി പ്രത്യക്ഷപ്പെട്ടു. അതുകണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. അവർ രാജാവിനെ വിവരമറിയിച്ചു രാജാവ് രാജകുമാരന്റെയും സിൻഡ്രലയുടെയും വിവാഹം നടത്തി കൊടുത്തു. പിന്നീടുള്ള കാലം സിൻഡ്രല രാജകുമാരന്റെ കൂടെ സുഖമായി ജീവിച്ചു.

# അമ്മതൻ സ്നേഹം

-ഷിഫ ജിബിൻ IX J



അമ്മ ഞങ്ങളെ പത്തുമാസം
വയറ്റിൽ ചുമക്കും , പിന്നെ സ്നേഹിക്കും
വികൃതി കാട്ടുമ്പോൾ ശാസിക്കും. വലുതാകുമ്പോൾ
ഉപദേശിക്കും . ഇങ്ങനെ നമ്മളെ അമ്മ നല്ല
വഴിക്ക് കൊണ്ടുവരും . കല്യണം കഴിഞ്ഞാൽ
അവരുടെ ദുഖത്തിൽ പങ്കുചേരും. എന്നൽ
ഇങ്ങനെയുള്ള സ്നേഹം ലഭിക്കാതെ എത്രയോ
കുട്ടികൾ ഭൂലോകത്തുണ്ട്. ചിലരുടെ അടിമയായി
ചില ഹോട്ടലുകളിൽ ഒരു നേരത്തെ ഭക്ഷണ-
ത്തിനുവേണ്ടി കണ്ടവൻറെ എച്ചിൽ പാത്രങ്ങൾ
കഴുകിയും ഭക്ഷണ മേശ തുടച്ചിട്ടു ജീവി-
ക്കുന്നു.ഈ നൂറ്റാണ്ടിൽ വന്ന ഏറ്റവും നല്ല
കാര്യമാണ് കുട്ടികളെ ഇത്തരം പ്രവർത്തികൾ
ചെയ്യപ്പിക്കുന്നവർക്കെതിരെ പോലീസ്
നടപടി എടുക്കുക എന്നത്. “Drugs”,ഇത്
പൊതുവേ ചിലർക്ക് ഇഷ്ടമില്ലാത്ത
പേരാണ് എന്നാൽ ചിലർക്കിഷ്ടമായതും.
ഇന്ന് ഇതിനും കീഴടങ്ങുന്ന എത്രയോ
കുട്ടികൾ ഈ ലോകത്തുണ്ട് . പെൺകുട്ടികൾ
വരെ ഇതിൻ അടിമകളാണ്. ഈ കുട്ടികൾക്ക്
ഇത് അവരുടെ നഖത്തിൽ വരെ ഒളിപ്പിക്കാം .
അമ്മയുടെ സ്നേഹം കിട്ടിയ കുട്ടികളും
ഇതിന് അടിമകളാണ്. അതുകൊണ്ട് മാതാ-
പിതാക്കൾ ഒന്നു ശ്രദ്ധിക്കുക; തൻ കുട്ടികൾ
ഇതിന് അടിമകളാകാതെ നോക്കുക .
ബാലവേല ചെയ്യുന്ന കുട്ടികളെ നിങ്ങൾ
കണ്ടാൽ ശബ്ദമുയർത്തുക ഇതിനെതിരേ
പ്രതികരിക്കുക. ജയ്ഹിന്ദ്.

# ശൈലികൾ

* വിത്ത് കുത്തിയുണ്ണുക – തത്കാലത്തെ ആവശ്യം നോക്കി ഭാവിയിൽ കഷ്ടപ്പെടുക .

* വിളഞ്ഞ വിത്ത് - ഏറെ വിളഞ്ഞാൽ വിത്തിനു പറ്റില്ല , ദുസ്സാമർഥ്യക്കാരൻ

* വേലിത്തന്നെ വിളവു തിന്നുക – രക്ഷിക്കേണ്ടവർത്തന്നെ നശിപ്പിക്കുക .

* പുത്തിരിയിൽ കല്ലുകടി - ആദ്യത്തെ വിളവെടുപ്പിന്റെ ആഘോഷമാണ് പുത്തരി . തുടക്കത്തിലേ രസക്കേടുണ്ടാകുന്നു .

* ഉഴുതുനിന്ന കാളയെ കള്ളൻ കൊണ്ട് പോയി - അസംഭവ്യമായതു സംഭവിക്കുക .

* പാട്ടപ്പറമ്പിൽ കിടക്കുക - അന്യനെ അശ്രയിച്ചു കഴിയുക .

* കാറ്റുള്ളപ്പോൾ പാറ്റുക - സന്ദർഭമിഞ്ഞു പ്രവർത്തിക്കുക .

* അകലെ ഉഴുതു പകലെ പോകുക - ചാലുകൾ തമ്മിലുള്ള ദൂരം വർധിപ്പിച്ച് കള്ളപ്പണി ചെയ്യുക .

* നട്ടാൽ കിളിർക്കാത്ത - കഴമ്പില്ലാത്ത .

* പതിരിനു വട്ടി പിടിക്കുക - പ്രയോജനമില്ലാത്ത കാര്യത്തിൽ പ്രവർത്തിക്കുക .

**മഹത് വചനങ്ങൾ**

**ജവഹർലാൽ നെഹ്റു**

*"ഒരു പിഞ്ചു നിഷ്കളങ്കതയും പ്രഭാത പുഷ്പത്തിന്റെ നൈർമല്യവും, അത്രത്തോളം ആസ്വാദകരമായ മറ്റൊന്നില്ല" .*



# പഴയകാല വാഹനങ്ങൾ



**<u>പ്ലഷർ കാർ</u>**

*വില കൂടിയ കാറുകൾക്ക് ഒരു കാലത്ത് പ്ലഷർകാർ എന്നായിരുന്നു പറഞ്ഞിരുന്നത്. സുഖയാത്രക്കു വേണ്ടി ഉപയോഗിക്കുന്നതു കൊണ്ടാണ് ഇങ്ങനെ വിളിച്ചിരുന്നത്*



**<u>ജഡ്ക്ക</u>**

*കുതിര വലിക്കുന്ന വണ്ടി.ഇന്ത്യയിലെ പല പഴയ നഗരങ്ങളിൽ ഇന്നും കുതിരവണ്ടികൾ നിലവിലുണ്ട്.പണ്ട് കേരളത്തിലുമുണ്ടായിരുന്നു.*

***<u>റിക്ഷ</u>***

*സൈക്കിൾ റിക്ഷ നിലവിൽ വരുന്നതിനു മുമ്പ് മനുഷ്യൻ വലിച്ചു കൊണ്ടുപോവുന്ന റിക്ഷകൾ ഉള്ള കാലമുണ്ടായിരുന്നു*

# കടങ്കഥകൾ

- *ആന കേറാമല ആടുകേറാമല*
  *ആയിരം കാന്താരി പൂത്തിറങ്ങി*

  *നക്ഷത്രങ്ങൾ*
- *അവിടെ കുത്തി ഇവിടെ കുത്തി*
  *അമ്പലം കടത്തി കുത്തി*
  *ഞാറു നടുന്നത്*
- *ഇരുട്ടുപുരയിൽ കുട്ട്യാന*
  *പത്തായം*
- *മുളയും തെങ്ങും ചങ്ങാതി*
  *ചിരട്ടക്കയിൽ*
- *പാതിരാവിൽ മാണിക്യക്കല്ല്*
  *നട്ടുച്ചക്ക് തേങ്ങാക്കൊത്ത്*
  *പൂച്ചക്കണ്ണ്*
- *കുഞ്ഞു മുറ്റത്തഞ്ച് മുരുക്ക്*
  *കൈവിരലുകൾ*
- *അടിക്കാത്ത മുറ്റം*
  *ആകാശം*
- *വാലുകൊണ്ട് കുട പിടിച്ചു*
  *മയിൽ*

Maya Ram K
VII F

# ചോദ്യം

*രചന: ബസിം കടവത്ത് – IX.A*

ഇന്ന് ഞനാ ചൊദ്യം ചൊദിക്കും. എല്ലാവരും എന്നോട് ഉത്തരമില്ല എന്ന് പറഞ്ഞ ചൊദ്യം .

ആർക്കും ഇഷ്ടമില്ലാത്ത ചൊദ്യം . ഞനത് ഇന്നിവിടെ ആവർത്തിക്കും .......

നെഞ്ചിടിപ്പൊടെ ഞൻ വേദിയിൽ കയറി.പേടിയാവുന്നു. ആരെങ്കിലും ചീത്ത വിളിക്കുമോ...

ഇല്ല...ചൊദിക്കേണ്ടത് ഞൻ ചൊദിക്കും.....

അല്ലേലും എൻറെ ചൊദ്യം ഞാനല്ലെ ചൊദിക്കേണ്ടത്. ഇനിയും മിണ്ടാതിരിക്കാൻ വയ്യ.

കൂട്ടുകാരുടെ അമ്മമാരും അച്ഛന്മാരും എന്നേ തുറിച്ച് നോക്കുന്നു. കൂട്ടത്തിൽ അനീന ടീചറുമുണ്ട് ,ടീച്ചറോട് ഈ ചൊദ്യം ചോദിച്ചപ്പോഴാണ് ടീച്ചറ് CPTA യൊഗത്തിൽ ചൊദിക്കാൻ പറഞ്ഞത്.

ഞൻ ചോദിച്ചു.

“എന്നാ മനുഷ്യൻ ഒന്നാവുക , ബഷീറും ജോർജ്ജും അപ്പുവും എന്നു മുതൽ ഒന്നിച്ചിരിക്കും”

ചൊദ്യം അവസാനിച്ചപ്പൊൾ യോഗം നിശ്ശബ്ദമായി

ആ ചൊദ്യത്തിൻറെ മറുപടി ഈ നിശ്ശബ്ദമായിരുന്നു....


അവസാനിക്കാത്ത നിശബ്ദത....................



**മഹത് വചനങ്ങൾ**

## *ഐൻസ്റ്റീൻ*

*"ശാസ്ത്രമില്ലെങ്കിൽ മതം മുടന്തനാണ്. മതമിലെങ്കിൽ ശാസ്ത്രം അന്ധനമാണ് "*



# *നാട്ടിൻ ഭംഗി*

**ദിൽഫ ഷെറിൻ**

ഇല കൊഴിഞ്ഞു നിൽക്കുന്ന-
മരത്തിൻചുവട്ടിലൂടെ പോകുന്ന
ഞാനെൻറെ നാട്ടുകാണാൻ പാറ
മുകളിൽ ചെന്നത്തി ഞാൻ കാണുന്നു
എത്ര മനോഹരമായെൻറെ നാട്



അങ്ങോട്ടുമിങ്ങോട്ടും വീശുന്ന
ക്കാറ്റിനെ തടയുവാൻ നിൽക്കുന്നു
വൻമരങ്ങൾ നാടിൻറെ ഭംഗിയും
പച്ചപ്പും വിരിയിച്ചെട്ടുത്തു നിൽ-
ക്കുന്ന മരത്തൈകളും.

സൂര്യനസ്തമിക്കുംവരെ നോക്കി
നിന്നു ഞാനെൻ നാടിൻ ഭംഗി
സൂര്യനസ്തമിക്കും ശാഖകളെൻറെ
നാടിനെ ഭംഗിയാക്കി യാത്ര
മനോഹരമാക്കി.

# മലയാളഭാഷയിൽ ആദ്യം........

**ഭാഷയിലെ ആദ്യകവ്യം**

ലഭ്യമായിട്ടുള്ള പാട്ടു കൃതികളിൽ ഏറ്റവും പ്രാചീനമെന്ന് കണക്കാക്കുന്നത് 'രാമചരിതമാണ്'. ഭാഷയിലെ ആദ്യകവ്യമായും ഇതിനെ വിശേഷിപ്പിക്കുന്നു.

കിളിയെക്കൊണ്ട് പാടിക്കുന്ന രീതിയാണ് കിളിപ്പാട്ടിന്റെ സവിശേഷത. ഈ പ്രസ്ഥാനത്തിൻറെ ഉപജ്ഞാതാവ് എഴുത്തച്ഛനാണ്. കിളിപ്പാട്ടിലെ ആദ്യ കൃതി 'അധ്യാത്മരാമായണ'മാണ്.

**ആട്ടക്കഥ**

17-ആം ശതകലത്തിൽ ജീവിച്ചിരുന്ന കൊട്ടാരക്കര തമ്പുരാൻ9(ബാലവീര കേരളവർമ്മ)നാണ് ആട്ടക്കഥയുടെ ഉപജ്ഞാതാവ്. കഥകളി എന്ന കേരളീയ ദ്രിശ്യകലാരൂപത്തിൻറെ മുൻഗാമിയാണ് ആട്ടക്കഥ.

**മഹാകാവ്യം**

മലയാളത്തിലെ ലക്ഷണമൊത്ത മഹാകാവ്യമായി പറയുന്നത് 'രാമചന്ദ്രവിലാസമാ'ണ്. രാമായണ കഥയാണിതിലെ ഇതിവൃത്തം. അഴകത്ത് പത്മനാഭക്കുറുപ്പാണ് ഇതിൻറെ കർത്താവ്.

**തുള്ളൽ കൃതി**

തുള്ളൽകൃതികളുടെ ഒരു ജനകീയ കവിതാരീതി അവതരിപ്പിച്ചത് കുഞ്ചൻ നമ്പ്യാരാണ്.18-ആം നൂറ്റാണ്ടിൽ ഇദ്ദേഹം രചിച്ച 'കല്യാണ സൗഗന്ധികം ശീതങ്കൻ തുള്ള'ലാണ് ആദ്യകൃതി.
പറയൻ,ശീതങ്കൻ,ഓട്ടൻ എന്നിങ്ങനെ തുള്ളൽ മൂന്ന് വിധമുണ്ട്.

**സന്ദേശകാവ്യം**

ഈ ശ്രേണിയിലെ ആദ്യത്തെ സംഭാവന 'ഉണ്ണിനീലിസന്ദേശ'മണ്.ഇതിൻറെ കർത്താവ് അജ്ഞാതനാണ്.14-ആം നൂറ്റാണ്ടിലാണ് പിറവിയെന്ന് വിശ്വസിക്കപ്പെടുന്നു. ഇതിലെ നായകനും കർത്താവും ഒരാളാണെന്നും പറയുന്നു.

**ഖണ്ഡകാവ്യം**

അകൃത്രിമമായ ഭാഷയും സ്വാഭാവികതയും ഖണ്ഡകാവ്യങ്ങളുടെ പ്രത്യേകകളാണ്.1902 ൽ എഴുതപ്പെട്ട എ.ആർ.രാജവർമ്മയുടെ 'മലയവിലാസ'മാണ് മലയാളത്തിലെ ഈ രംഗത്തെ ആദ്യ ഉദ്യമം

**വിലാപകാവ്യം**

1902 ൽ പുറത്ത് വന്ന 'ഒരു വിലപമാ'ണ് മലയാളത്തിലെ ആദ്യ വിലാപകാവ്യം.സി എസ് സുബ്രഹ്മണ്യൻ പോറ്റിയാണ് ഇതെഴുതിയത്.ഉള്ളുലക്കുന്ന ഭാഷ വിലാപകാവ്യങ്ങളുടെ സവിശേഷതയാണ്.ചിന്ത,വികാരം എന്നിവയും പ്രധാനമാണ്.'കണ്ണുനീർത്തുള്ളി','പ്രരോദനം',രമണൻ' എന്നിവയെല്ലാം മലയാളത്തിലെ വിഖ്യാത വിലാപകാവ്യങ്ങളാണ്.

**നിരൂപണം**

സി പി അച്ചുതമേനോനാണ് മലയാളത്തിലെ ആദ്യ സാഹിത്യ നിരൂപകൻ.
അദ്ദേഹത്തിൻറെ പത്രാധിപഹ്യത്തിലുണ്ടായിരുന്ന വിദ്യാവിനോദിനി മാസികയിൽ പുസ്തകം പരിശോധന എന്ന പക്തിയിലൂടെ അക്കാലത്തെ എഴുത്തുകാരെ വിമർശിച്ചെഴുതി.

**യത്രാവിവരണം**

1786 ൽ പാറേമാക്കൽ തോമ്മാക്കത്ത്നാരെഴുതിയ വർത്തമാന പുസ്തകം അഥവാ റോമായാത്രയാണ് യാത്രാവിവരണ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ മലയാളത്തിലെ ആദ്യ ചുവടുവെയ്പ്പ്.ഗ്രന്ഥകാരൻ മെത്രാപൊലീത്തയുമൊത്ത് പോർച്ചുഗൽ വഴി റോമിലെത്തുന്നതാണിതിലെ പ്രതിപാദ്യം

**ബാലസാഹിത്യം**

ഇംഗ്ലീഷിൽനിന്ന് വിവർത്തനം ചെയ്യപ്പെട്ടതും രചയിതാവിനെക്കുറിച്ച് സൂചനകളില്ലാത്തതുമായ 'ചെറുപൈതങ്ങൾക്കുപകരമായു'ണ്ടായതാണ് ബാലസാഹിത്യത്തിലെ പ്രഥമസംരംഭം.1824 ലാണിത് പ്രസിദ്ധീകരിച്ചത്.

**ആത്മകഥ**

യാക്കോബ് രാമവർമ്മൻ എന്ന കൊച്ചി രാജാവിൻറെ പുത്രൻ 1855 ൽ എഴുതിയതാണ് മലയാള ഭാഷയിലെ ആദ്യ ആത്മകഥ.

**ജീവചരിത്രം**

ഒരാൾ മറ്റൊരാളെ പഠിച്ചെഴുതുന്നതാണ് ജീവചരിത്രം.മർസിനോസ് പുരോഹിതൻ ഇറ്റാലിയൻ ഭാഷയിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത 'വിശുദ്ധ ത്രേസ്യാമയുടെ ചരിത്ര സംക്ഷേപ'മാണ് ഭാഷയിലെ ആദ്യത്തേതെന്ന് പറയാം

**നാടകം**

ഷേക്സ്പിയറുടെ'കോമഡി ഓഫ് എറേഴ്സ് വിവർത്തനം ചെയ്ത 'ആൾമാറാട്ടം'-ഒരു നല്ല കേരളീസല്ലാപം' എന്ന പേരിൽ 1866 ൽ കല്ലൂർ ഉമ്മൻ ഫിലിപ്പോസ് പ്രസിദ്ധീകരിച്ചതാണ് നാടകരംഗത്തെ ആദ്യചുവടുവെപ്പ്.കേരളവർമ വലിയ കോയിത്തമ്പുരാൻറെ 1882 ലെ കേരളീയ ഭാഷാശാകുന്തള വിവർത്തനമാണ് ലക്ഷണമൊത്ത ആദ്യ നാടകമെന്ന് പറയപ്പെടുന്നു.

**നോവൽ**

1887 ൽ പുറത്തുവന്ന അപ്പു നെടുങ്ങാടിയുടെ 'കുന്ദലത'യാണ് മലയാളത്തിലെ ആദ്യ നോവൽ.20 അധ്യായങ്ങളാണിതിനുള്ളത്.സാഹിത്യഭംഗികൊണ്ടും ലക്ഷണമൊത്തതന്നെ സവിശേഷത കൊണ്ടും ഒ ചന്തുമേനോൻ രചിച്ച 'ഇന്ദുലേഖ'(1889)വിഖ്യാതമാണ്.

Digital Writer:Basim.K

# എന്റെ പ്രിയ സുഹൃത്തിന്

-ജിൻഷ പി IX J

ഒരു വേനൽ മഴപോലെ എന്നിലേക്കെത്തുന്ന നീയെന്നും എനിക്കൊരാശ്വാസമായിരുന്നു . എപ്പോൾ പെയ്തുതുടങ്ങിയെന്നോ എപ്പോൾ തീരുമെന്നോ എനിക്കറിയില്ല.....

എന്നാൽ പെയ്തുതീരാത്ത മഴയായ് എന്നും എനിക്കൊരുതണലായ് എൻറെ ആത്മാവിൻ സാന്ത്വനമേകാൻ എന്നും നീ ഉണ്ടാവണേ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.കാരണം എനിക്കൊരു സൗഹൃദ ബന്ധങ്ങളിൽ ഒരാത്മസ്പർശമാണു നീ.

നീല മേഘങ്ങളിൽനിന്ന് അടർന്നു വീഴുന്ന മഴത്തുള്ളികൾ പോലെ എന്നിലേക്ക് ഓടിയെത്തുന്ന നിൻറെ വാക്കുകൾ എന്നും എനിക്ക് ആത്മധൈര്യം തരുന്നു.

ജീവിത വഴിതാരാകളികളിൽ നിന്ന് വീണദളങ്ങൾ നമുക്ക്  അന്യമല്ല. "കൈകോർത്ത്" നടന്നു നീങ്ങിയ വഴികൾ എന്നും നമ്മെയോർക്കും. ജീവിതത്തിന്റെ അസ്തമയത്ത് ഓർത്തെടുക്കാനുള്ള

വെറുമൊരു രൂപമല്ല എനിക്ക് നീ. നഷ്ടങ്ങൾ എന്നും നമ്മെ വേദനിപ്പിക്കും. അന്ന് ഓർമ്മകൾ നമ്മെ കീറി മുറിക്കും, "ഒരുപാട് ഇഷ്ടപ്പെട്ടവർ തങ്ങളിൽ നിന്ന് അകലുമ്പോൾ" ഒറ്റപ്പെടലിൻറെ വേദന "കാത്തിരിപ്പയി മാറും"

ഇനിയും കണ്ടുമുട്ടേണ്ട നമുക്കിടയിൽ ചെറിയ പിണക്കങ്ങൾ പോലും കണ്ണുനീർ വാർക്കുമെങ്കിൽ പിരിയുന്നേരം മൗനം പോലും ഒരുപാട് വാക്കുകൾക്ക് തുല്യമാവും . പങ്കുവെച്ച അനുഭവങ്ങളും സ്വപ്നങ്ങളും വാരിയെടുത്ത് വിടചൊല്ലുന്ന നിമിഷം പ്രിയ സുഹൃത്തേ.......

നീയെൻറെ കൈക്കുമ്പിളിലേക്ക് വച്ചു നീട്ടിയ പവിഴ മുത്തുകൾക്ക് പകരം തരാൻ എൻറെ കൈയ്യിൽ ഒന്നേയുള്ളു ..... "ഒരുപിടി സ്നേഹം മാത്രം"



# മുടിയഴകിന്റെ അവകാശികൾ ! ഇന്നും മലയാളക്കരയെ വിട്ട് ഇവരാരും പോയിട്ടില്ല ;
























## ഇനിയും കാച്ചെണ്ണയുടെ സുഗന്ധവുമായി










***എല്ലാവരേയും, ഒരുമിച്ചു കാണാം, പൂക്കോട്ടുംപാടം GHSS - ലെ ഔഷധോദ്യാനത്തിൽ !***

# EDITORIAL BOARD




BASIM.K



GOURAV.K



SAINUL ASHIQU



ABHAYA



GEO JOMON



LINSHA



RIBIN.K



NAVEEN.T



ADARSH.K



NIDAL.M.K



AKHIL.CS

